കാലത്തിന്റെ കരുത്തോടെ

അഡ്വ. കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ

കേരളത്തിൽ അധികാരവികേന്ദ്രീകരണം ആരംഭിച്ചിട്ട് 25 വർഷം തികയാൻ പോകുന്നു. 9-ാം പദ്ധതി കാലയളവിൽ ജനകീയാസൂത്രണത്തിലൂടെ വൻ ജനപങ്കാളിത്തത്തോടെ ആരംഭിച്ച് ഒട്ടേറെ മാറ്റത്തിന് വിധേയമായാണ് നമ്മൾ ഇവിടെ വരെ എത്തിയത്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഒട്ടേറെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും ഫണ്ടും സ്ഥാപനങ്ങളെയും ജീവനക്കാരെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി, പ്രാദേശിക സർക്കാരുകളായി പ്രവർത്തിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ശ്രമങ്ങളാണ് നാളിതുവരെ നടന്നു വന്നത്.

ഒൻപതാം പദ്ധതിക്ക് ശേഷം കാതലായ മാറ്റം ഈ സംവിധാനത്തിൽ ഉണ്ടായില്ലായെന്ന് വേണം പറയാൻ. 12-ാം പദ്ധതിയിൽ ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ അയൽസഭയ്ക്ക് മുമ്പ് സ്പെഷ്യൽ ഗ്രാമസഭകൾ ചേരണം എന്നതും, പദ്ധതി സമർപ്പിക്കൽ ഓൺലൈനാക്കിയതും എടുത്ത് പറയാവുന്ന ചില മാറ്റങ്ങളാണ്.

എന്നാൽ കാതലായ മാറ്റം പഞ്ചായത്തീരാജ് സംവിധാനത്തിൽ ഉണ്ടായത് 13-ാം പദ്ധതി കാലയളവിലാണ്. പഞ്ചായത്തുകൾക്ക് സ്വയം പ്രവർത്തിക്കാൻ കഴിയുന്ന തരത്തിൽ കൂടുതൽ സ്വാതന്ത്ര്യവും സാധ്യതകളും തുറന്നുകിട്ടി, നൂതന പ്രോജക്റ്റുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുള്ള അവസരമൊരുങ്ങി, കല, കായികം, സഹകരണം, ചെറുകിട വ്യവസായം എന്നീ മേഖലകളിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനായി തുടങ്ങിയ സവിശേഷതകളാണ് 13-ാം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിലൂടെ നമുക്ക് ലഭ്യമായത്.

ഒട്ടേറെ പരിമിതികൾ ഉണ്ടെങ്കിലും നമുക്ക് എല്ലാ ജില്ലയിലും ജില്ലാ പ്ലാനിന് രൂപം നൽകാനായി. അതുവഴി സംയോജിത പദ്ധതികൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു എന്നതും ശ്രദ്ധേയമാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക, വിഭവ പിന്തുണ നൽകുന്നതിന് ലക്ഷ്യം വച്ച് കൊണ്ട് നവകേരള സൃഷ്ടിക്കായി രൂപം നൽകിയ നാല് മിഷനുകളുടെ പ്രവർത്തനവും എടുത്ത് പറയേണ്ടതാണ്. അതിനേക്കാളുപരി, ആസൂത്രണത്തിന് 9 മാസവും നിർവ്വഹണത്തിന് മൂന്ന് മാസവും എന്നതിന് മാറ്റം വരുത്താനായി

എന്നതാണ് മറ്റൊരു പ്രത്യേകത.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആത്മാർത്ഥമായി ശ്രമിച്ചതിനാൽ 2017-18 സാമ്പത്തിക വർഷത്തിൽ 9 മാസം നിർവ്വഹണത്തിനായി ലഭിച്ചു. ഓരോ വർഷവും മാർച്ചിന് മുന്നെ അടുത്ത വർഷത്തെ പദ്ധതിക്ക് അംഗീകാരം വാങ്ങുന്നതിന് തുടക്കം കുറിക്കാൻ നമുക്ക് കഴിഞ്ഞു. ഈ വർഷം ഏകദേശം 95% ഗ്രാമപഞ്ചായത്തുകളും 2018-19 വർഷത്തെ പദ്ധതി സമർപ്പിച്ചു കഴിഞ്ഞു. 70% ന പുറത്ത് അംഗീകാരവും വാങ്ങി എന്നത് നേട്ടത്തിന്റെ മറ്റൊരു പൊൻതൂവലാണ്.

നിർവ്വഹണവും ആസൂത്രണവും ഒരുമിച്ച് ചെയ്യാനായി പരിശ്രമം നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അതിന് നേതൃത്വം നൽകിയ പ്ലാനിങ്ങ് ബോർഡ്, SRG, പഞ്ചായത്ത് ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഡി.പി.സികൾ എന്നിവയും പ്രത്യേക അഭിനന്ദനമർഹിക്കുന്നു.

കേരളത്തിന്റെ അധികാരവികേന്ദ്രീകരണ ചരിത്രത്തിലെ അവിസ്മരണീയമായ സാമ്പത്തിക വർഷമായിരുന്നു 2017-18. ഒട്ടേറെ പ്രതികൂല സാഹചര്യം ഉണ്ടായിരുന്നിട്ടു കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, 85.44% തുക 2018 മാർച്ച് 31 നുള്ളിൽ ചെലവഴിക്കാൻ കഴിഞ്ഞുവെന്നത് സർവ്വകാല റെക്കോർഡാണ്. ട്രഷറിയിൽ കിടക്കുന്ന പെന്റിങ്ങ് ബില്ല് ഒഴികെ 5292.67 കോടി രൂപ 1.81 ലക്ഷം പ്രോജക്ടുകൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർവ്വഹണം നടത്താനായ ഒരു സാമ്പത്തിക വർഷമായിരുന്നിത്. എന്നാൽ ട്രഷറിയിൽ കിടക്കുന്ന പെന്റിംഗ് ബില്ല് ഉൾപ്പടെ ഗ്രാമപഞ്ചായത്തിന്റെ മാത്രം നിർവ്വഹണം 94.10% ത്തിലെത്തിക്കാൻ കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. പെന്റിങ്ങ് ബില്ല് അടക്കം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് 90.02% നിർവ്വഹണം പൂർത്തിയാക്കാനായി. നിർവ്വഹണത്തിൽ ഒന്നാം സ്ഥാനത്ത് (94.24%) എത്തിയ കൊല്ലം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു.

ഈ നേട്ടം കൈവരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മുക്തകണ്ഠം അഭിനന്ദിക്കണം. ഈ ലക്ഷ്യത്തിൽ എത്തുന്നതിന് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്. മെറ്റീരിയൽ ദൗർലഭ്യം, അംഗീകാരം ലഭിക്കാനുണ്ടായ കാലതാമസം, ഉപതെരഞ്ഞെടുപ്പുകൾ, ട്രഷറിയിൽ ഉണ്ടായ പ്രശ്നങ്ങൾ, ജി.എസ്.റ്റി അടക്കം ഉള്ള പ്രശ്നങ്ങൾ തുടങ്ങി പഞ്ചായത്തുകളുടേതല്ലാത്ത കാരണത്താൽ ഒട്ടന

വധി തടസ്സങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഉണ്ടായിരുന്നു. ഇവയെല്ലാം അപ്പപ്പോൾ ഇടപ്പെട്ട് വേണ്ട പരിഹാരം കണ്ട് തടസ്സങ്ങൾ നീക്കുന്നതിൽ അസോസിയേഷൻ ശ്രദ്ധേയമായ പങ്കാണ് വഹിച്ചത്.

പഞ്ചായത്ത് അസോസിയേഷൻ ജനറൽബോഡിയിലും ജില്ലാതലയോഗത്തിലും എക്സിക്യൂട്ടീവ് കമ്മറ്റി യോഗങ്ങളിലും പഞ്ചായത്തുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുകയും നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അത് നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുതകുന്ന തരത്തിൽ വേണ്ട മേൽനോട്ടം വഹിക്കുകയും ചെയ്തിട്ടുണ്ട്.

മാർച്ച് അവസാനത്തിൽ പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട അവസാന ഗഡു ഫണ്ട് കിട്ടാൻ വൈകിയപ്പോൾ, ട്രഷറിയിൽ ബില്ല് എടുക്കാതെ വന്നപ്പോൾ, നിർവ്വഹണത്തിന്റെ അവസാന ഘട്ടത്തിൽ ഉദ്യോഗസ്ഥന്മാരുടെ സ്ഥലം മാറ്റം, അവരുടെ കോൺഫറൻസ്, പരിശീലനം, ഉദ്യോഗസ്ഥരുടെ അഭാവം തുടങ്ങിയവ മൂലമുണ്ടായ തടസ്സം എന്നിവ ഇടപ്പെട്ട് പരിഹരിച്ച് നിർവ്വഹണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് സഹായിക്കാൻ ഗ്രാമപഞ്ചായത്ത് അസോസിയേഷന് സാധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് അസോസിയേഷൻ അപ്പപ്പോൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ അനുഭാവപൂർവ്വം ഇടപെട്ട് പരിഹരിക്കുന്നതിന്, സർക്കാർ, പ്രത്യേകിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ, ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി.എം തോമസ് ഐസക്, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി ജലീൽ എന്നിവർ കാണിച്ച ശുഷ്കാന്തി ഈ വിജയത്തിന്റെ അടിസ്ഥാന ഘടകമായി അസോസിയേഷൻ ഓർക്കുന്നു.

നിർവ്വഹണത്തോടൊപ്പം ചരിത്രത്തിൽ ആദ്യമായി മാർച്ച് മാസത്തോടെ 70 ശതമാനത്തിന് പുറത്ത് ഗ്രാമപഞ്ചായത്തുകൾ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിക്ക് അംഗീകാരം വാങ്ങിയെന്നത് നിർവ്വഹണത്തിലെ ഈ വിജയത്തിന് തിളക്കം കൂട്ടുന്നു. അടുത്ത വർഷം 100% നിർവ്വഹണം എന്നതിനൊപ്പം നിർവ്വഹണത്തിന്റെ ഗുണമേന്മ, പങ്കാളിത്തം, ഫലം എന്നിവയും ശ്രദ്ധിക്കണം. 100 ശതമാനത്തിലെത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾക്ക് നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. ഒരിക്കൽ കൂടി ഈ തിളക്കമാർന്ന പ്രവർത്തനത്തിന് നേതൃത്വം നൽകിയ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, മറ്റ് ജനപ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ, തദ്ദേശസ്വയംഭരണ വകുപ്പ് ജീവനക്കാർ, ഡയറക്ടറേറ്റിലെ ജീവനക്കാർ എന്നിവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ നേരുന്നു. ഒപ്പം എല്ലാ പിന്തുണയും നൽകി നേതൃത്വപരമായ പങ്ക് വഹിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് അഭിവാദ്യം നേരുന്നു.

ബ്ലോക്ക് പഞ്ചായത്തുകൾ 25 വർഷം പിന്നിടുമ്പോൾ

ആർ. സുഭാഷ്,
പ്രസിഡന്റ്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ വികസന ഫണ്ട് നീക്കിവച്ചിട്ടുള്ള സന്ദർഭമാണിത്.

152 ബ്ലോക്ക് പഞ്ചായത്തുകൾക്കായി 79,250 ലക്ഷം രൂപ 2018-19 വർഷത്തെ പദ്ധതി തുകയായി നൽകിയിട്ടുണ്ട്. മാർച്ച് 31 ന് അവസാനിച്ച (2017-18) പദ്ധതി ചെലവ് ബ്ലോക്ക് പഞ്ചായത്തുകളുടേത് 92 ശതമാനം

ആണ്. 2018-19 വർഷത്തെ പദ്ധതി രൂപീകരണം മാർച്ച് 31 ന് മുൻപ് അംഗീകാരം വാങ്ങുകയും പദ്ധതി പ്രവർത്തനങ്ങൾ ഏപ്രിൽ 1 മുതൽ ആരംഭിക്കുകയുമാണ്. ഇത് ഒരു സർവ്വകാല നേട്ടമാണ്.

പദ്ധതി രൂപീകരണ ചരിത്രത്തിൽ ആദ്യമായാണ് ഏപ്രിൽ 1 മുതൽ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞത്. പദ്ധതി രൂപീകരണം സംബന്ധിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് പുതിയ പദ്ധതികൾക്ക് രൂപം നൽകുന്നതിനും പുതിയ മേഖലകളെ ഉൾക്കൊള്ളുന്നതിനും ബ്ലോക്ക് പഞ്ചായത്തുകളെ സഹായിച്ചിട്ടുണ്ട്.

മാർഗ്ഗരേഖ രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണ ബോർഡ് അംഗം ഡോ.കെ.എൻ. ഹരിലാലിന്റെ നേതൃത്വത്തിൽ ആസൂത്രണ വിദഗ്ധരുമായി ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ പലവട്ടം നടത്തിയ ചർച്ചകളുടെ ഫലമായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് പല പുതിയ മേഖലകളും പദ്ധതി നിർവ്വഹണത്തിനായി തുറന്നുകിട്ടിയിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി നടപ്പിലാക്കുന്ന നവകേരള മിഷന്റെ പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കേണ്ടതാണ്. നിലവിൽ 4 മിഷനുകളുടെയും ബ്ലോക്കുതല മിഷനുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫിന്റെ ആദ്യഘട്ട പ്രവർത്തനം ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾ മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. വിവിധ പദ്ധതികളിലായി പൂർത്തീകരിക്കാത്ത 61,689 വീടുകളിൽ 20,541 വീടുകൾ ബ്ലോക്ക് പഞ്ചായത്ത് വഴി നൽകിയവയാണ്. അതിൽ 10,489 വീടുകളുടെ പണി ഇതിനോടകം പൂർത്തീകരിക്കുന്നതിനും ഒരു മാസത്തിനുള്ളിൽ മുഴുവൻ വീടുകളും പൂർത്തീകരിക്കുന്നതിനും സാധിക്കും. സംസ്ഥാന സർക്കാരിന്റെ സ്വപ്ന പദ്ധതി വിജയിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് മുഖ്യ പങ്ക് വഹിച്ച് വരികയാണ്.

പൊതുജനാരോഗ്യ സംവിധാനങ്ങൾ രോഗീ സൗഹൃദമാക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളും ആധുനിക സംവിധാനങ്ങളും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരോഗ്യ രംഗത്ത് നടപ്പിലാക്കുന്ന ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്തുകൾ നല്ല നിലയിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരികയാണ്. നിരവധി ബ്ലോക്ക് പഞ്ചായത്തുകൾ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് മാനസിക ആരോഗ്യ മേഖലയിൽ നടപ്പിലാക്കി വരുന്ന ' സുരക്ഷ' എന്ന പദ്ധതി ഒരു ഉദാഹരണം മാത്രമാണ്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ബ്ലോക്കുതല മിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. കലാ-കായിക അഭിരുചികൾ വളർത്തിയെടുക്കുന്നതിന് പരിശീലന പദ്ധതികൾ എല്ലാ ബ്ലോക്കുകളും നടപ്പിലാക്കി വരുന്നു.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ജലസംരക്ഷണ പ്രവർത്തനങ്ങളും മാലിന്യ നിർമ്മാർജ്ജന പദ്ധതികളും വിവിധ വകുപ്പുകളും സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനു സംസ്കരണത്തിനുമായി ഇതിനകം 76 ഓളം ബ്ലോക്കുകളിൽ യൂണിറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിൽ സമയനിഷ്ഠ പാലിക്കുവാൻ സാധിച്ചത് പോലെ തന്നെ പ്രധാനമാണ് കാൽ നൂറ്റാണ്ടായി വിഭാവനം ചെയ്യുന്ന ജില്ലാ പദ്ധതി ഇപ്പോൾ രൂപീകരിക്കുവാൻ കഴിഞ്ഞത്. 14 ജില്ലകളിലെയും പദ്ധതികൾ അംഗീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈകോർത്ത് പിടിച്ച് നടപ്പിലാക്കുന്ന ജില്ലാ പദ്ധതികളുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതികൾ ഏകോപിപ്പിച്ചിട്ടുണ്ട്.

അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ഏറ്റവും സുപ്രധാനമായ ഒരു സ്ഥാനമാണ് ബ്ലോക്ക്പഞ്ചായത്തുകൾക്കുള്ളത്. കൂടുതൽ ശക്തവും ക്രിയാത്മകവുമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കഴിഞ്ഞകാല പ്രവർത്തന അനുഭവങ്ങൾ കരുത്ത് പകരുന്നു. നവകേരള സൃഷ്ടിക്കായി മുന്നോട്ട് പോകുന്ന ഇടതുപക്ഷ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും നൽകാം.

അധികാരവികേന്ദ്രീകരണ പ്രക്രിയയ്ക്ക് രചനാത്മകമായ പുതുവഴി തുറക്കുന്ന ഇടപെടലുകൾക്ക് തുടക്കം കുറിച്ചതിന്റെ ഭാഗമായി നടപ്പിലാക്കിയ രണ്ടാം ജനകീയാസൂത്രണത്തിന്റെ ആദ്യ പദ്ധതി നിർവ്വഹണം വിജയകരമായി പൂർത്തികരിച്ചിരിക്കുകയാണ്. വികസന പരിപ്രേക്ഷ്യത്തിൽ നൂതനമായ ഒരു പരികൽപ്പനയാണ് ജനകീയാസൂത്രണത്തിലൂടെ നമ്മുടെ നഗരസഭകൾ അവതരിപ്പിച്ചത്. പ്രാദേശിക സാമ്പത്തിക വികസനത്തിനാവശ്യമായ രാഷ്ട്രീയ ഭൂമിക കേരളത്തിൽ തിരിച്ചുവരികയാണ്. ഈ അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തി കൊണ്ട് കേരളത്തിലെ നഗരസഭകൾ സാമൂഹ്യനീതിയിലുന്നിയ, പരിസ്ഥിതി സംരക്ഷണത്തിനുതകുന്ന വിധത്തിൽ പദ്ധതികൾ രൂപപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനും മുന്നോട്ട് വരികയാണ്. ഇടതുപക്ഷ ചിന്താസരണി അടിസ്ഥാനമാക്കിയ ജനപക്ഷ ആസൂത്രണ നയത്തിന്റെ ഭാഗമായാണ് പഞ്ചവത്സര പദ്ധതികൾ കേരളത്തിൽ ഉണ്ടാകുമെന്നുള്ള കേരള മുഖ്യമന്ത്രിയുടെ വാക്കുകൾ അക്ഷരാർത്ഥത്തിൽ ശരിവെയ്ക്കുന്ന പ്രവർത്തനം 2017-18 സാമ്പത്തിക വർഷം നഗര മേഖലയിൽ നടത്തിയത്.

കഴിഞ്ഞ കാലങ്ങളിൽ നഷ്ടമായ ജനപങ്കാളിത്തവും നാട്ടിലെ വിദഗ്ധരുടെ സേവനവും തിരികെ കൊണ്ടുവരാൻ സാധിച്ചു. ആത്മാവ് നഷ്ടപ്പെട്ട വാർഡ് സഭകളുടെ സ്ഥാനത്ത് ജനകീയ സഭകൾ ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നു. 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായ ഹരിത കേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവ ഫലവത്തായി നടത്താൻ സാധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 9 മാസക്കാലത്തോളം പദ്ധതി നിർവ്വഹണത്തിന് സമയം ലഭ്യമായി. ഡിസംബർ മാസത്തോടെ 60 ശതമാനത്തോളം പദ്ധതി നിർവ്വഹിച്ചു കഴിഞ്ഞിരുന്നു. 2018-19 സാമ്പത്തിക വർഷത്തിലേക്കുള്ളതടക്കം പതിമൂന്നാം പഞ്ചവത്സര പദ്ധതികൾ 2018 മാർച്ച് മാസത്തോടെ രൂപികരിക്കപ്പെടുകയാണ്.

കേരളത്തിലെ ജനജീവിതത്തെ വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന വിധത്തിൽ മാറ്റിത്തീർക്കുന്ന അത്യന്തം വിപ്ലവാത്മകമായ കർമ്മ പദ്ധതി

നഗരസഭകൾക്ക് പുത്തൻ വികസനബോധം

വി.വി. രമേശൻ
ചെയർമാൻ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ

കൾ ആവിഷ്കരിക്കുന്നതോടൊപ്പം നഗരവൽക്കരണത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനും ശ്രമിക്കേണ്ടതായിട്ടുണ്ട്. നഗര മേഖലയിൽ പദ്ധതി നിർവ്വഹണം മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ശരാശരി 75 ശതമാനത്തിലെത്തിയത് ഈ മേഖലയിലെ ഇടപെടലുകളും കൂട്ടായ്മകളും കൊണ്ടാണ്. ജീവനക്കാരുടെ അകമഴിഞ്ഞ സഹകരണം ഇത്തരത്തിൽ എടുത്തു പറയേണ്ടുന്ന ഒന്നാണ്. ഷീ ലോഡ്ജ് ഉൾപ്പെടെയുള്ള നൂതന പദ്ധതികൾ, കേന്ദ്രാവിഷ്കൃത സംയോജന പദ്ധതികൾ, സ്ത്രീ ശാക്തീകരണ പ്രക്രിയ, ശാസ്ത്രീയവും വികേന്ദ്രീകൃതവുമായ മാലിന്യ സംസ്കരണ പദ്ധതികൾ, ഇ-ഗവേണൻസ് സംവിധാനം, ജാഗ്രതാ സമിതികളുടെ പ്രവർത്തനം ഉൽപാദന, പശ്ചാത്തല മേഖലയിലെ ഫണ്ട് വിഭജനം എന്നിവ ശാസ്ത്രീയമായി നടപ്പിലാക്കിയത് പദ്ധതി പ്രവർത്തനത്തിന്റെ വിജയത്തിന് സഹായിച്ചു.

തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപികരണത്തോടെ പദ്ധതി പ്രവർത്തനങ്ങളും ത്വരിതഗതിയിലാവും എന്ന കാര്യത്തിൽ തർക്കമില്ല. സാമ്പത്തിക വർഷത്തിൽ സാംഖ്യ സോഫ്റ്റ്‌വെയറിലൂടെയുള്ള ഇ.ബില്ലിംഗ് സമ്പ്രദായം പദ്ധതി നിർവ്വഹണത്തിൽ സുതാര്യവും കാര്യക്ഷമവുമായ പുരോഗതി ഉണ്ടാക്കി. ജില്ലാ ആസൂത്രണ സമിതികളുടെ കാര്യക്ഷമമായ ഇടപെടൽ, സമയബന്ധിതമായ പദ്ധതി ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള അവസരങ്ങൾ നൽകിയും കോഡിനേഷൻ സമിതി കൃത്യമായ ഇടവേളകളിൽ കർശനമായ നിർദ്ദേശങ്ങൾ നൽകിയതും ശരിയായ പ്രവർത്തനങ്ങൾക്ക് കാരണമായി.മേഖല തിരിച്ച് നഗരസഭകളുടെ പദ്ധതി നിർവ്വഹണ പുരോഗതി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ മേൽനോട്ടത്തിൽ നടത്തിയത് കാര്യമായ നേട്ടം ഉണ്ടാക്കി. പദ്ധതി ചെലവ് ഓൺലൈനിലൂടെ പ്രസിദ്ധീകരിക്കുന്നത് മത്സരസ്വഭാവത്തോടെ കാണാനും അതനുസരിച്ച് വികസന സാധ്യതകൾ പ്രയോജനപ്പെടുത്താനും സഹായിച്ചിരുന്നു. മേൽ സൂചിപ്പിച്ച പ്രധാന സംഭവങ്ങൾ നടക്കുമ്പോഴും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ നൽകുന്ന സാമ്പത്തിക സഹായം ചെലവഴിക്കുന്നതിനായി ഏർപ്പെടുത്തിയ മാർഗ്ഗനിർദേശങ്ങൾ ഭാവിയിൽ പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. അത് പോലെ തന്നെ പട്ടികജാതി, പട്ടികവർഗ്ഗ വികസന ഫണ്ടുകൾ യഥാവിധി ചെലവഴിക്കുന്നതിൽ സമീപനരേഖ പ്രായോഗിക മാക്കേണ്ടതുണ്ട്. ഇത്തരത്തിൽ നഗരമേഖലയിൽ കാലോചിത പരിഷ്കരണം ഏർപ്പെടുത്തുമ്പോൾ നഗരവൽക്കരണത്തിന്റെ ഭാഗമായി ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ ആവശ്യത്തിന് ജീവനക്കാരെ കൂടി അനുവദിക്കപ്പെട്ടാൽ ഈ രംഗത്തെ പുരോഗതിക്ക് ആക്കം കൂട്ടും എന്ന കാര്യത്തിൽ തർക്കമില്ല.

കൊല്ലത്തിനിത് അഭിമാന നേട്ടം

അഡ്വ. വി. രാജേന്ദ്രബാബു
മേയർ

കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ വികേന്ദ്രീകാസൂത്രണ പദ്ധതി നിർവ്വഹണത്തിൽ 100 ശതമാനത്തിൽ അധിക തുക ചെലവഴിച്ച് ചരിത്ര നേട്ടം നേടിയിരിക്കുകയാണ്. കൊല്ലം നഗരത്തിന്റെ 25 വർഷത്തെ വികസന പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സമഗ്ര വികസനം സമയബന്ധിതമായി സാധ്യമാക്കുന്നതിനായി 'മിഷൻ കൊല്ലം' എന്ന പേരിൽ വികസന പ്രവർത്തനങ്ങളെ മുഴുവനും ക്രോഡീകരിച്ചു കൊണ്ടാണ് കൊല്ലം നഗരസഭ പ്രവർത്തിക്കുന്നത്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും നഗരസഭയുടെ ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളും ആഴ്ചയിൽ ഒരു ദിവസം അവലോകനം നടത്തി കൊണ്ടുള്ള ചിട്ടയായ പ്രവർത്തനമാണ് 'മിഷൻ കൊല്ലം' പദ്ധതിയിലൂടെ നടത്തുന്നത്. ശരിയായ ദിശയിലുള്ള അവലോകനവും സമയക്രമം പാലിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളും നടത്തിയതുമൂലം 2017-18 സാമ്പത്തിക വർഷം 100 ശതമാനം പദ്ധതി പ്രവർത്തനം പൂർത്തിയാക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

ഹരിതകേരളം, പി.എം.എ.വൈ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ആർദ്രം എന്നീ മിഷനുകൾ സംയോജിപ്പിച്ചുകൊണ്ട് പദ്ധതി രൂപീകരണവും നിർവ്വഹണവും കൂടുതൽ ജനപങ്കാളിത്തത്തോടെയാണ് കോർപ്പറേഷൻ നടപ്പിലാക്കിയത്. നഗര വികസനത്തിനായി ഒരു ഹ്രസ്വ കാല പരിപ്രേഷ്യവും ഒരു ദീർഘകാല പരിപ്രേഷ്യവും രൂപപ്പെടുത്തി യെടുത്തിട്ടുണ്ട്. നഗരം ഇന്ന് അഭിമുഖീകരിക്കുന്ന മാലിന്യസംസ്കരണം കാര്യക്ഷമമാക്കുന്നതിനും ഗതാഗത നിയന്ത്രണം, കുടിവെള്ള വിതരണം, പാർപ്പിട പ്രശ്നം, ജലസ്രോതസ്സുകളുടെ സംരക്ഷണം, കാർഷിക മേഖലകളുടെ പുനർജീവനം, നഗരത്തിൽ വന്നു പോകുന്ന ജനങ്ങൾക്കാവശ്യമായ സൗകര്യമൊരുക്കൽ, നഗരസ്ഥാപനങ്ങളുടെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ജനസൗഹൃദമാക്കുന്നതിനുമാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകിയത്.

പ്രഥമ നഗരപാലികാ അവാർഡ് കൊല്ലം മുനിസിപ്പൽ കോർപ്പറേഷന് ലഭിക്കുകയുണ്ടായി. ഇതിന്റെ ആവേശം ഉൾക്കൊണ്ടുകൊണ്ട് നഗരസഭാ കൗൺസിലും സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥ

ജീവനക്കാർ

ഭരണസമിതി

രും ജീവനക്കാരും കൂട്ടായി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് കൊല്ലം കോർപ്പറേഷനും 100 ശതമാനം എന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. സർക്കാർ മാർഗ്ഗനിർദേശ പ്രകാരം സമയബന്ധിതമായി പദ്ധതി രൂപീകരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയ ആദ്യ കോർപ്പറേഷൻ കൊല്ലമാണ്. അതുപോലെതന്നെ വ്യക്തിഗത ഗുണഭോക്തൃ ലിസ്റ്റ് സമയബന്ധിതമായി തന്നെ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കിയത് പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് പ്രേരകമായി. നിർമ്മാണ സാമഗ്രികളുടെ ലഭ്യതകുറവ്, ജി.എസ്.ടി നടപ്പിലാക്കിയതുമൂലമുള്ള അനിശ്ചിതത്വവും നിർമ്മാണ പ്രവർത്തികളെ തുടക്കത്തിൽ പ്രതികൂലമായി ബാധിച്ചു. നടപ്പിലാവാൻ സാധ്യതയില്ലാത്ത പ്രോജക്ടുകളെപ്പറ്റി മനസ്സിലാക്കി അവ ഉപേക്ഷിച്ചുകൊണ്ട് നിർവ്വഹണ സാധ്യതയുള്ള പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തു. വിവിധ മേഖലകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുമായി കൗൺസിലും സെക്രട്ടറിയും നിരന്തരം ബന്ധപ്പെടുകയും പദ്ധതി പ്രവർത്തന ങ്ങൾ അവലോകനം ചെയ്യുകയും പദ്ധതി പ്രവർത്തനത്തെ ബാധിക്കുന്ന തടസ്സങ്ങളും പോരായ്മകളും പരിഹരിക്കുകയും ചെയ്തത് പദ്ധതി ചെലവ് വർദ്ധിപ്പിക്കുന്നതിന് കാരണമായി.

ഓരോ പ്രോജക്ടിന്റെയും ആദ്യ പ്രവർത്തനം മുതൽ അന്തിമ ഘട്ടം വരെയുള്ള സുഗമവും വിജയകരവും സുതാര്യവുമായ നടത്തിപ്പിന് അത്യന്താപേക്ഷിതമായ മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി പ്രവർത്തിച്ചത് പദ്ധതി നിർവ്വഹണത്തിൽ പുരോഗതിയുണ്ടാക്കി.

പദ്ധതി നിർവ്വഹണത്തിൽ കോർപ്പറേഷൻ സെക്രട്ടറിയുടെയും അഡീ.സെക്രട്ടറിയുടെയും കാര്യക്ഷമമായ പ്രവർത്തനവും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പൂർണ്ണമായ സഹകരണവും ഉണ്ടായി. സാധനസാമഗ്രികളുടെ ദൗർലഭ്യസമയത്ത് ഇടപെടലുകൾ നടത്തിയും കൃത്യസമയത്ത് സാധനങ്ങൾ ലഭ്യമാകുന്നവെന്ന് ഉറപ്പ് വരുത്തി.

മേയർ

ചിട്ടയായ പ്രവർത്തനം നടത്തി എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ട്രഷറി, പ്ലാനിംഗ്, അക്കൗണ്ട്സ്, എഞ്ചിനീയറിംഗ് വിഭാഗങ്ങളും പൂർണ്ണമായും സഹകരിക്കുകയും ചെയ്തതോടെ 100 ശതമാനം പദ്ധതി ചെലവ് യാഥാർത്ഥ്യമായി.

വികസന വഴിയിൽ

ടി.എം. റഷീദ്
ചെയർമാൻ

വികേന്ദ്രീകൃതാസൂത്രണത്തിന്റെ വെറും മൂന്ന് വർഷത്തെമാത്രം അനുഭവ സമ്പത്തിന്റെ അടിസ്ഥാനത്തിൽ ഈരാറ്റുപേട്ട എന്ന നഗരത്തിന്റെ സമഗ്രപുരോഗതിയും വികസനവും ലക്ഷ്യം വെച്ചായിരുന്നു 2017-18 വാർഷിക പദ്ധതിക്ക് രൂപം നൽകിയിരുന്നത്.

ഉത്പാദന മേഖലയുടെ സ്ഥായിയായ വളർച്ച, പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണം, മാനവ വികസനം, ജീവിത ഗുണനിലവാരം ഉയർത്തുന്നതിന് വേണ്ട അടിസ്ഥാന സൗകര്യ വികസനം സേവന സംവിധാനത്തിന്റെ ഗുണമേന്മ, സാമൂഹ്യനീതി,

ജീവനക്കാർ

പൊതുവിദ്യാഭ്യാസ സംരക്ഷണം, സമഗ്ര മാലിന്യസംസ്കരണം എന്നീ മേഖലകളിൽ വിവിധ പദ്ധതികൾ രൂപീകരിക്കുകയും സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്തു. കൂടാതെ വരും വർഷങ്ങളിലും നഗരം നേരിടുന്ന വെല്ലുവിളികൾ ഏറ്റെടുത്ത് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ബഹുമുഖമായ സമീപനമാണ് സ്വീകരിക്കുന്നത്.

2017-18 സാമ്പത്തിക വർഷം ആധുനിക രീതിയിലുള്ള മാർക്കറ്റ് കോംപ്ലക്സും ഡമ്പിംഗ്‌യാർഡും യാഥാർത്ഥ്യമാക്കാൻ നഗരസഭയ്ക്കായി. കൂടാതെ നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുവാനാവശ്യമായ നൂതന പ്രോജക്ടുകൾക്ക് രൂപം നൽകിയിട്ടുമുണ്ട്. നഗരസഭയിലെ കുടുംബശ്രീ എ.ഡി.എസ്, സി.ഡി.എസ് എന്നിവയുടെ പ്രവർത്തനം ജനങ്ങൾക്ക് ഉപകാരപ്രദമാകും വിധത്തിൽ നടത്തിയത് മറ്റ് നഗരസഭകൾക്കും മാതൃകയാണ്. ഇപ്പോൾ ആധുനിക രീതിയിലുള്ള നഗരസഭാ ഓഫീസ് സമുച്ചയത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇത് പൂർത്തിയായി കഴിഞ്ഞാൽ നഗരസഭയുടെ എല്ലാ സേവനങ്ങളും ജനങ്ങൾക്ക് ഓൺലൈനായി വിരൽതുമ്പിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കൂട്ടായ പ്രവർത്തനം ഉണ്ടാക്കിയെടുക്കുവാനും മാസംതോറും ഇവരുടെ മീറ്റിംഗുകൾ വിളിച്ച് പദ്ധതി പുരോഗതി വിലയിരുത്തുവാനും പരിപാടിയുണ്ട്.

നഗരസഭയെ സംസ്ഥാന തലത്തിൽ 2018-19 വാർഷിക പദ്ധതിയിലും പ്രഥമസ്ഥാനത്തെത്തിക്കുകയാണ് ഭരണ സമിതി ലക്ഷ്യം വെയ്ക്കുന്നത്.

നഗരസഭയുടെ പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾക്ക് മികച്ച രീതിയിൽ സഹകരിച്ച സെക്രട്ടറിക്കും ജീവനക്കാർക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും വികസന നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ച് നഗരസഭാ കൗൺസിലിനൊപ്പം പ്രവർത്തിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പം തുടർന്നും ഏവരുടെയും സഹായ സഹകരണങ്ങൾ ഉണ്ടാവണമെന്നും അഭ്യർത്ഥിക്കുന്നു.

ഭരണസമിതി

വിജയത്തിലെത്തിയ പരിശ്രമം

ലിസി എബ്രഹാം
ചെയർപേഴ്സൺ

ജനാധിപത്യത്തിന്റെ സൗവർണ്ണ ശോഭ ജനമനസ്സിന്റെ സംതൃപ്തിയാണ് എന്ന് വ്യക്തമാകുന്ന ഒരു പദ്ധതി കാലയളവാണ് 2017-18 ലെ ആലുവ നഗരസഭയുടെ ജനകീയാസൂത്രണ പദ്ധതി നിർവ്വഹണം. ഈ ജനകീയ പ്രക്രിയയിൽ ഇത്തവണ, 2017-18 കാലയളവിൽ 118 ശതമാനം പദ്ധതി തുക ചെലവഴിച്ച് ആലുവ നഗരസഭ പദ്ധതി നിർവഹണത്തിൽ സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനത്തും എറണാകുളം ജില്ലയിൽ ഒന്നാം സ്ഥാനത്തും എത്തിയിരിക്കുകയാണ്. ആലുവ നഗരസഭ കൗൺസിലും നഗരസഭാ സെക്രട്ടറിയും അനുവർത്തിച്ച ഔദ്യോഗികമായ അച്ചടക്കം, കൃത്യനിഷ്ഠ, ഉദ്യോഗസ്ഥരും ജീവനക്കാരും എന്നിവയൊക്കെയാണ് ഈ വിജയത്തിന് നിദാനം.

സമ്പൂർണ്ണമായി നഗരവത്കരിക്കപ്പെട്ടതും വിസ്തൃതിയിൽ ഏറ്റവും ചെറുതുമായ ആലുവ നഗരസഭയ്ക്ക് ഇനിയെന്ത് വികസനം, പുരോഗതി, എവിടെ വിഭവങ്ങൾ ഇത്യാദിയുള്ള ചോദ്യങ്ങളും ആശങ്കകളും നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഇത്തവണ അതിസൂക്ഷ്മമായ പഠനത്തിന്റെയും നിരീക്ഷണത്തിന്റെയും കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ ശരിയായ വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ ജനകീയാസൂത്രണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞത്.

ഗതാഗതത്തിരക്കിൽ നട്ടംതിരിയുന്ന ആലുവയിൽ പാതവികസനത്തിനും നടപ്പാതകളുടെ നവീകരണത്തിനും നടപടികളെടുക്കുവാൻ സാധിച്ചു. ജനലക്ഷങ്ങൾക്ക് കുടിവെള്ളത്തിന്റെ ഉറവിടമായ പെരിയാറിന്റെ ശുദ്ധീകരണത്തിനുള്ള പദ്ധതികൾ ഇത്തവണ നടപ്പിലാക്കുവാൻ കൗൺസിലിന് കഴിഞ്ഞു. വീടില്ലാത്തവർക്ക് വീടും സ്ഥലമില്ലാത്തവർക്ക് സ്ഥലവും വീടും നൽകുന്ന ലൈഫ് പദ്ധതിക്കായുള്ള ഗുണഭോക്താക്കളുടെ സർവ്വേ, ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധീകരണം എന്നിവ സമയബന്ധിതമായി നടപ്പിലാക്കി. നഗരസഭയുടെ അധീനതയിലുള്ള നാലാം മൈലിലെ ഭൂമിയാണ് ഈ ജനകീയ പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. അംഗനവാടികളുടെ വികസനം സർക്കാർ നിർദ്ദേശങ്ങൾക്കനുസരണമായി സമയബന്ധിതമായി ഇത്തവണയും നഗരസഭ നടപ്പിലാക്കിയിരുന്നു. അംഗനവാടികളുടെ അറ്റകുറ്റപ്പണികൾ, ശിശുസൗഹൃദ ടോയ്‌ലറ്റുകൾ, കളിപ്പാട്ടങ്ങൾ എന്നിവയെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

മെട്രോ റെയിൽവേ യാഥാർത്ഥ്യമായതോടെ ലോകഭൂപടത്തിൽത്തന്നെ ആലുവ നഗരസഭ ഒരിക്കൽക്കൂടി അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു. അതിനനുസൃതമായി നഗരത്തിന്റെ സൗന്ദര്യവത്കരണം, നഗരവാസികളുടെ ആരോഗ്യ പാലനത്തിനായുള്ള പദ്ധതികൾ, മാലിന്യസംസ്കരണം എന്നിവ കൃത്യമായി നടപ്പിലാക്കുവാൻ കൗൺസിലിന് കഴിഞ്ഞു. പഴയ ബസ്സ്റ്റാന്റിന്റെ നവീകരണം, മാലിന്യസംസ്കരണത്തിനായി തുക വകയിരുത്തിയത്, മാലിന്യങ്ങൾ ഉത്ഭവസ്ഥലത്തുവച്ചുതന്നെ തരംതിരിക്കൽ, സ്വന്തമായി മാലിന്യം സംസ്കരിക്കാനുള്ള അടിസ്ഥാനപാഠം എന്നിവയെല്ലാം ഈ പദ്ധതിക്കാലത്ത് കാര്യക്ഷമമായി നിർവഹിക്കുവാൻ കൗൺസിലിനു കഴിഞ്ഞിട്ടുണ്ട്. ആലുവ നഗരസഭയിൽ പട്ടികവർഗ്ഗത്തിൽപ്പെട്ടവർ നിലവിലില്ല. പട്ടികജാതിയിൽപ്പെട്ട ജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽകൊണ്ടു വരുന്നതിനും നിലനിർത്തുന്നതിനും ശരിയായ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ പദ്ധതികളിലൂടെ നഗരസഭയ്ക്ക് ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞു.

ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്ന എന്നതുപോലെ ലക്ഷ്യബോധം മാർഗ്ഗത്തെ സൃഷ്ടിക്കുകകൂടി ചെയ്യുന്നുണ്ട് എന്ന യാഥാർത്ഥ്യമാണ് 2017-18 സാമ്പത്തിക വർഷത്തെ ആലുവ നഗരസഭയുടെ പദ്ധതി നിർവഹണത്തിൽനിന്നും പ്രകടമാകുന്ന ആശയം. അതിനായി നഗരസഭാ പുലർത്തിയ ജാഗ്രത എടുത്തു പറയേണ്ടതാണ്.

സമയബന്ധിതമായി വാർഡ് സഭകൾ വിളിച്ചുകൂട്ടുകയും ജനങ്ങളുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിക്കുകയും അവയെല്ലാം മിനിട്സിലൂടെ രേഖപ്പെടുത്തുകയും ചെയ്തു. ഈ മിനിട്സിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി വികസന സെമിനാർ വിളിച്ചുകൂട്ടി നഗരസഭയുടെ തൻവർഷത്തെ പദ്ധതികൾ അന്തിമമായി രൂപപ്പെടുത്തുകയും ചെയ്തു. പ്രസ്തുത പദ്ധതികൾ അതാത് നിർവഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വീണ്ടും വിലയിരുത്തപ്പെടുകയും ചെയ്തു. വാർഡുസഭ കൃത്യമായി വിളിച്ചുകൂട്ടുന്നതിന് കർശനമായ നിർദ്ദേശം നൽകിയിരുന്നു. അങ്ങനെ അന്തിമമായ പദ്ധതി നിർദ്ദേശങ്ങൾ തൊട്ടടുത്ത കൗൺസിലിൽ സമർപ്പിക്കപ്പെടുകയും വിലയിരുത്തപ്പെടുകയും അതിനുശേഷം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി അയക്കു

കയും ചെയ്തിട്ടുണ്ട്.

ഓരോ പദ്ധതിയുടെയും നിർവഹണത്തിന്റെ വിലയിരുത്തൽ കൃത്യമായ ഇടവേളകളിൽ നിർവഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർത്ത് നടത്തിയിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ അവതരിപ്പിക്കുന്ന ഏതെങ്കിലും തടസ്സങ്ങൾ താമസംവിനാ പരിഹരിക്കുന്നതിന് കൃത്യമായ നിർദ്ദേശം നൽകുന്നു. സ്പിൽഓവർ പദ്ധതികൾ കൃത്യമായ സമയ പരിധിക്കുള്ളിൽ പൂർത്തീകരിച്ചിരുന്നു. നേരിട്ട് ഗുണഭോക്താക്കളെ ലഭിക്കാതെ പോകുന്ന സാഹചര്യത്തിൽ പത്രപരസ്യം നൽകി ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി നിർവഹണം സമയബന്ധിതമായി നിർവഹിച്ചിരുന്നു.

ഇപ്രകാരം നഗരസഭാ കൗൺസിലും ഉദ്യോഗസ്ഥരും കൃത്യനിഷ്ഠയോടെ കർത്തവ്യനിർവഹണം നടത്തിയതിന്റെ വിജയമാണ് 2017-18 കാലത്തെ ആലുവ നഗരസഭയുടെ 118 ശതമാനം ജനകീയാസൂത്രണ പദ്ധതി ചെലവ്.

ഭരണസമിതി

ഉയർച്ചയുടെ ഗ്രാഫ് നിലനിർത്തി

രമേഷ് ഡി. കുറുപ്പ്
ചെയർമാൻ

പറവൂർ നഗരസഭ 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തിൽ 113% ചെലവഴിച്ച് സംസ്ഥാന തലത്തിൽ മൂന്നാം സ്ഥാനവും ജില്ലാ തലത്തിൽ രണ്ടാം സ്ഥാനവും കൈവരിച്ചു. നഗരസഭ കൗൺസിലിന്റെയും ആസൂത്രണ സമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും കൂട്ടായ പരിശ്രമ ഫലമായാണ് നഗരസഭ 100% എന്ന നേട്ടം കൈവരിച്ചത് .

പദ്ധതി അംഗീകാരം ലഭിച്ച ഉടൻ തന്നെ പദ്ധതി നിർവ്വഹണ സ്ട്രാറ്റജി ഉണ്ടാക്കുകയും അതു പ്രകാരം പ്രവർത്തിച്ച് ആദ്യം തന്നെ ഡെപ്പോസിറ്റ് വർക്കുകളുടെ ബില്ലുകൾ മാറ്റിയിട്ടുള്ളതുമാണ്. ഇതുമൂലം ആരംഭത്തിൽതന്നെ നിശ്ചിത ശതമാനം ചെലവ് വരുത്താൻ സാധിച്ചിട്ടുള്ളതും ചിട്ടയായ പ്രവർത്തനങ്ങൾ മൂലം ഉയർച്ചയുടെ ഗ്രാഫ് നിലനിർത്താൻ സാധിച്ചിട്ടുള്ളതുമാണ്. യഥാസമയം വാർഡ് സഭകൾ കൂടി ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നതിന് ഭരണസമിതി മുൻകൈ എടുത്തത് പദ്ധതി നിർവ്വഹണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുന്നതിന് സഹായകമായി.

ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികളും അവയുടെ കീഴിൽ വരുന്ന പദ്ധതികൾ കൃത്യമായി നിരീക്ഷിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥരുമായി ചേർന്ന് അവലോകനം നടത്തുകയും ചെയ്തിരുന്നു.

കൂടാതെ ചെയർമാന്റെയും സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻമാരുടെയും വികസനകാര്യ കമ്മിറ്റിയുടെയും നേതൃത്വത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ കൂടുന്നതിനും പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. മീറ്റിങ്ങുകളിൽ ഓരോ പദ്ധതികളും സൂക്ഷ്മമാ

ഭരണസമിതി

യി വിശകലനം ചെയ്യുകയും അത് നടപ്പിലാക്കുന്നതിന് ഉണ്ടാകുന്ന തടസ്സങ്ങളും ബുദ്ധിമുട്ടുകളും പഠിച്ച് പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ചും നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികളുടെ തുക ഉപയോഗിച്ചും പുതിയ പദ്ധതികൾ യഥാസമയം സമർപ്പിച്ച് അംഗീകാരം വാങ്ങി നടപ്പിലാക്കാൻ സാധിച്ചതും നഗരസഭയുടെ പദ്ധതി നിർവ്വഹണത്തിൽ പുരോഗതിക്ക് കാരണമായിട്ടുണ്ട്.

ജിഎസ്ടി, ടാറിന്റെ ലഭ്യത കുറവ് എന്നിവ മൂലം മരാമത്ത് പ്രവൃത്തികൾ ആരംഭിക്കാൻ വൈകിയെങ്കിലും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഊർജ്ജസ്വലമായ പരിശ്രമം മൂലം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി. ജലീൽ, നഗരകാര്യ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവരുടെ വിലപ്പെട്ട നിർദ്ദേശങ്ങളും പിന്തുണയും ഈ നേട്ടം കൈവരിക്കുന്നതിന് സഹായകമായി.

ജീവനക്കാർ

വിജയത്തിന്റെ അലയൊലി

സി.കെ. സുബൈദ
ചെയർപേഴ്സൺ

താനൂർ നഗരസഭ ചരിത്ര പ്രാധാന്യമുള്ളതും മതസൗഹാർദ്ദത്തിന് ഏറെ പ്രശസ്തവുമായ പ്രദേശമാണ്. തീരദേശം ഏറെയുള്ള പ്രദേശമാണ് താനൂർ. 2015 നവംബർ 1 ന് പ്രഥമ നഗരസഭാകൗൺസിൽ അധികാരമേറ്റു. ആകെ 44 വാർഡുകളിലായി 73721 ജനസംഖ്യയുള്ള താനൂർ സാംസ്കാരിക രംഗത്തും പ്രശസ്തമാണ്. ഇവിടുത്തെ മുഖ്യതൊഴിൽ കൃഷിയും മത്സ്യബന്ധനവുമാണ്. ഭൂരിഭാഗം ജനവിഭാഗത്തിന്റെയും സാമ്പത്തിക നില ശരാശരിക്കും താഴെയാണ്. മധ്യവർഗ്ഗവിഭാഗം വളരെ കുറവാണ്. സമ്പന്നർ എന്ന് പറയുന്നത് വിരലിൽ എണ്ണാവുന്നവർ മാത്രം.

പദ്ധതി നിർവ്വഹണം നടത്തുമ്പോൾ അവശതയും അവഗണനയും അനുഭവിക്കുന്ന ജനവിഭാഗത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞു പ്രവർത്തിച്ച എന്നതാണ് നഗരസഭ ചരിത്രത്തിൽ ആദ്യമായി 100 ശതമാനം എന്ന സുവർണ്ണ നേട്ടം കൈവരിച്ചതിന് കാരണമായത്. പദ്ധതി നിർവഹണത്തിൽ മലപ്പുറം ജില്ലയുടെ അമരക്കാരായി സംസ്ഥാനതലത്തിൽ തന്നെ ആദ്യ സ്ഥാനങ്ങളിൽ ഇടം പിടിക്കുവാൻ കഴിഞ്ഞു എന്നത് താനൂർ നഗരസഭ ഭരണസമിതിയ്ക്കും നിർവഹണ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഏറെ സന്തോഷവും അഭിമാനവും പകരുന്നു.

പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ഏറ്റവും ആദ്യം തന്നെ നേടുവാൻ സാധിച്ചു. അംഗീകാരം നല്കുന്നതിനും ഭേദഗതികൾ അംഗീകരിക്കുന്നതിനും മലപ്പുറം ജില്ലാ ആസൂത്രണ സമിതി കാണിച്ച സൗഹാർദ്ദപരമായ സമീപനം ഇവിടെ സ്മരിക്കുന്നു. ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടിയതിന് ശേഷം വളരെ വേഗം തന്നെ വാർഡ് സഭകൾ ചേർന്ന് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി കൗൺസിൽ അംഗീകാരത്തോടെ നിർവഹണ ഉദ്യോഗസ്ഥർക്ക് കൈമാറുകയും ചെയ്തു. കൂടാതെ ഓരോ മാസവും നിർവഹണ ഉദ്യോഗസ്ഥരുടെ രണ്ട് യോഗങ്ങളെങ്കിലും വിളിച്ച ചേർത്ത് നിർവഹണ പുരോഗതി വിലയിരുത്തുകയും ഓരോ മാസവും സ്റ്റിയറിംഗ് കമ്മറ്റി ചേർന്ന് അവലോകനം ചെയ്യുകയുമുണ്ടായി.

2017-18 പദ്ധതിയിൽ വളരെയധികം ശ്രദ്ധ കൊടുത്തിട്ടുള്ളത് ഭവന രഹിതർക്ക് ഭവനം നിർമ്മിക്കുന്നതിനാണ്. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം 1521 പേർക്ക് ഭവന നിർമ്മാണത്തിന് അംഗീകാരം നേടുകയും പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുകയുമാണ്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ നല്കിയിട്ടുണ്ട്. വനിതകൾക്കുള്ള പശു വളർത്തൽ, മുട്ടക്കോഴിയും കൂട്ടം, ആട് വളർത്തൽ തുടങ്ങിയ പദ്ധതികൾ 100 ശതമാനവും ചെലവഴിച്ചു. മറ്റ് ഉല്പാദന മേഖലാ പദ്ധതികളായ നെൽകൃഷി വികസനം, തെങ്ങിന്

നിർവ്വഹണഉദ്യോഗസ്ഥർ

ഭരണസമിതി

ചെയർപേഴ്സൺ

ജീവനക്കാർ

ജൈവവളം, വനിതകൾക്ക് പച്ചക്കറി ഗ്രോബാഗ്, വെറ്റില കൃഷിക്ക് ജൈവവളം എന്നീ പദ്ധതികളും മികച്ച രീതിയിൽ നടപ്പാക്കി. കൂടാതെ നഗരസഭയിലെ വിവിധ വാർഡുകളിൽ ഹൈമാസ്റ്റ്, ലൊമാസ്റ്റ്, സ്ട്രീറ്റ് മെയിൻ വലിച്ച് എൽ. ഇ. ഡി ലൈറ്റ് സ്ഥാപിക്കൽ എന്നിവയ്ക്കായി ഒരു കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, വിദ്യാർത്ഥികൾക്ക് പഠന മുറി, പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ, പട്ടികജാതി കുടുംബങ്ങ ൾക്ക് വിവാഹ ധനസഹായം എന്നീ പദ്ധതികൾ പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ട്.

താനൂർ നഗരസഭയ്ക്ക് ഈ ചരിത്ര നേട്ടം കൈവരിക്കുന്നതിന് വേണ്ടി പ്രയത്നിച്ച വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, കൗൺസിലർമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ, നഗരസഭാ ജീവനക്കാർ എന്നിവരോട് നന്ദി പറയുന്നതോടൊപ്പം 2018-19 വർഷത്തെ പദ്ധതികളിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തെത്തുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട് എന്ന വിവരവും സന്തോഷപൂർവ്വം അറിയിക്കുന്നതിന് ഈ അവസരം വിനിയോഗിക്കുന്നു.

സഹകരണം വിജയരഹസ്യം

സീത രവീന്ദ്രൻ
ചെയർപേഴ്സൺ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിചെലവിന്റെ കാര്യത്തിൽ കേരളത്തോടൊപ്പം തന്നെ കുന്നംകുളം നഗരസഭയ്ക്കും 2017-18 വർഷത്തിൽ ചരിത്രം കുറിക്കാനായി. ജനകീയാസൂത്രണപ്രസ്ഥാനം ആരംഭിച്ച് നാളിതുവരെയായി കുന്നംകുളം നഗരസഭയ്ക്ക് ഇത്തരത്തിലൊരു മികവാർന്ന നേട്ടം പദ്ധതി പ്രവർത്തനങ്ങളിൽ കൈവരിക്കാനായിട്ടില്ല എന്നുള്ളത് ഈ തിളക്കത്തിന്റെ മാറ്റ് കൂട്ടുന്നു. ആസൂത്രണപ്രവർത്തനങ്ങൾ തൊട്ട് പദ്ധതി പൂർത്തിയാകുന്നതുവരെയുള്ള ചിട്ടയായ പ്രവർത്തനങ്ങളും പ്രതിബന്ധങ്ങളെ ഒറ്റക്കെട്ടായി നേരിടാനാവുന്നതും തീരുമാനങ്ങൾ വേഗത്തിൽ കൈക്കൊള്ളുന്നതും ഈ വിജയത്തിന് ആധാരമായി.

ആസൂത്രണമാർഗ്ഗരേഖയിൽ ഊന്നി നിന്നുകൊണ്ട് ഒന്നിനൊന്നോട് ചേർന്ന് നിൽക്കുന്ന സമഗ്രവും പരസ്പരപൂരകങ്ങളുമായിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനായി എന്നുള്ളതാണ് ഏറ്റവും പ്രധാനം. പദ്ധതിപ്പണം ചെലവഴിക്കുക എന്നുള്ളത് മാത്രമല്ല, വിഭാവനം ചെയ്ത പദ്ധതികളുടെ ലക്ഷ്യപ്രാപ്തികൈവരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്താനായി എന്നതാണ് ഈ വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ നേട്ടമായി ഞങ്ങൾ കണക്കാക്കുന്നത്.

ജൈവമാലിന്യസംസ്കരണരംഗത്ത് ഇന്ന് കേരളത്തിനൊരു പുതിയ മാതൃകയായി കുന്നംകുളം മോഡൽ അവതരിപ്പിക്കാനും ലോകശ്രദ്ധ ആകർഷിക്കുവാനും ഈ കഴിഞ്ഞ പദ്ധതിവർഷം കഴിഞ്ഞിട്ടുണ്ട്. നഗരത്തിലെ ജൈവമാലിന്യങ്ങളെ ലളിതവും ശാസ്ത്രീയവും ചെലവുകുറഞ്ഞതുമായ മാർഗ്ഗത്തിലൂടെ സമ്പുഷ്ടമായ വളമാക്കി മാറ്റുന്നതിനും ഈ വളത്തെ ബ്രാൻഡ് ചെയ്ത് പ്രദേശത്തെ കർഷകർക്ക് സബ്സിഡിയോടെ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ഈ പ്രക്രിയയ്ക്ക് ആവശ്യമായിട്ടുള്ള ചകിരിച്ചോർ നിർമ്മിക്കുന്നതിനും കേരകർഷകർക്ക് പിന്തുണ നൽകുന്നതിനുമായി ചകിരി സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിന് വേണ്ട മു

ന്നൊരുക്കങ്ങൾ പൂർത്തിയായിട്ടുണ്ട്. യുക്തിപരമായ തുടർച്ച എന്നുള്ള നിലയ്ക്ക് ഈ പദ്ധതിവർഷം ഈ സംസ്കരണയൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. അതോടൊപ്പം തന്നെ അജൈവമാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ കൂടി നടപ്പിലാവുന്നതോടെ മാലിന്യസംസ്കരണരംഗത്ത് മികവാർന്ന വേറിട്ട മാതൃക കുന്നംകുളത്തിന് കാഴ്ചവെയ്ക്കാനാകും.

ജൈവകൃഷിയും തരിശുരഹിത കൃഷിയിടങ്ങളും എന്ന ലക്ഷ്യം പൂർത്തിയാക്കുന്നതിനുള്ള വിവിധ പദ്ധതികളോടൊപ്പം കാർഷികമേഖലയിലെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനായി നിലവിൽ ആഴ്ചച്ചന്ത നഗരസഭയുടെ നേതൃത്വത്തിൽ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഈ വർഷം ഇതിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് തയ്യാറെടുക്കുകയാണ്. വയോജനങ്ങൾക്ക് സാന്ത്വനമായി പകൽവീടിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനും ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടറുകൾ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. വനിതകളുടെ സംരംഭകത്വവികസനത്തിന് വിവിധ പദ്ധതികൾ നടപ്പിലാക്കാനും വനിത ഹോസ്റ്റൽ നിർമ്മാണത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കാനും സാധിച്ചിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ഇടപെടലുകളും പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

സമഗ്രപാർപ്പിട സുരക്ഷയുടെ ഭാഗമായി ലൈഫ് പദ്ധതിയിലുൾപ്പെടുത്തി അർഹരായ മുഴുവൻ ആളുകൾക്കും വീട് എന്ന സങ്കല്പം യാഥാർത്ഥ്യത്തിലേക്ക് എത്തിക്കുന്നതിന് വേണ്ട പ്രയത്നങ്ങൾ നടത്തിവരികയാണ്. കഴിഞ്ഞ പദ്ധതി വർഷം 251 ഭവനങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 1096 പേരുടെ പട്ടികയാണ് ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ളത്. മലബാർ സിമന്റ്സുമായി സഹകരിച്ച് ഇത്തരത്തിലുള്ള വീടുകളുടെ നിർമ്മാണത്തിനായി കുറഞ്ഞ നിരക്കിൽ സിമന്റ് ലഭിക്കാൻ കഴിഞ്ഞു. 15 വർഷക്കാലത്തിലേറെയായി അടഞ്ഞുകിടന്നിരുന്ന ടൗൺഹാൾ തുറന്നുപ്രവർത്തിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സഹപ്രവർത്തകരുടെയും കൗൺസിലിന്റെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ് ഈ പദ്ധതികളുടെ നിർവ്വഹണത്തിനും ഗുണമേന്മയ്ക്കും നിദാനമായി വർത്തിച്ചത് എന്ന് അഭിമാനപൂർവ്വം പറയട്ടെ. കുന്നംകുളത്തിന്റെ വികസന ആവശ്യങ്ങളിൽ പ്രഥമസ്ഥാനത്തുള്ള ആധുനിക ബസ് ടെർമിനൽ നിർമ്മാണം വരും വർഷങ്ങളിൽ പൂർത്തിയാക്കാനാകും എന്ന ആത്മവിശ്വാസം നിലവിലെ ഈ നേട്ടം സമ്മാനിക്കുന്നുണ്ട്.

ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം എന്ന നിലയിൽ 13-ാം പദ്ധതിയിൽ കൊണ്ടു വന്ന മാറ്റങ്ങൾ കുന്നംകുളത്തിനെ സംബന്ധിച്ച് ഏറെ നിർണ്ണായകമായി. വിദഗ്ധരെയും സന്നദ്ധപ്രവർത്തകരെയും ഉൾപ്പെടുത്തി കാമ്പുള്ള ആസൂത്രണസമിതി രൂപീകരിക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥരെയും സ്റ്റേക്ക്ഹോൾഡേഴ്സിനെയും ചേർത്ത് മാസം തോറും പദ്ധതി അവലോകനം വിശദമായിത്തന്നെ സംഘടിപ്പിക്കുന്നതിനും കഴിഞ്ഞതാണ് പദ്ധതിപ്പണം പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചതിന് പിന്നിലെ രാസത്വരകമായത്. ഓരോ പദ്ധതികളും സൂക്ഷ്മമായി വിലയിരുത്തുന്നതിനും പദ്ധതി നിർവ്വഹണത്തിലെ വിടവുകൾ കണ്ടെത്തുന്നതിനും പ്രശ്നപരിഹാരങ്ങൾ അപ്പപ്പോൾ നിർദ്ദേശിക്കുന്നതിനും ഈ കൂടിയാലോചനകൾ ഏറ്റവും ക്രിയാത്മകമായി സഹായിച്ചിട്ടുണ്ട്. നടപ്പിലാകാത്ത പദ്ധതികൾ തുടക്കത്തിലേ കണ്ടെത്തി നടപ്പിലാക്കുന്നതിനുവേണ്ടി കൃത്യമായ ഇടപെടലുകൾ നടത്തുന്നതിനും പദ്ധതി കലണ്ടറിനനുസരിച്ച് നിർവ്വഹണം നടത്തുന്നതിനും ആസൂത്രണം ചെയ്ത പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിനും ആവശ്യമായ ഒരു നട്ടെല്ലായി ഈ യോഗങ്ങൾ പ്രവർത്തിക്കുകയും ഭരണസമിതിയുടെ പരിപൂർണ്ണ സഹകരണം അതോടൊപ്പം ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞതാണ് വിജയരഹസ്യം.

ജീവനക്കാർ

വിജയത്തിന്റെ പാതയിലൂടെ

എം.എ. രാജഗോപാൽ
ചെയർമാൻ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിന് സാമ്പത്തിക വർഷത്തിന്റെ പകുതിയിലധികം സമയം വിനിയോഗിക്കുകയും നിർവ്വഹണത്തിന് കുറച്ച് മാസങ്ങൾ മാത്രം ലഭിക്കുകയും ചെയ്യുന്ന എന്നതായിരുന്നു മുൻവർഷങ്ങളിൽ ഈ രംഗത്തെ പ്രധാന പോരായ്മ. ഇതുമൂലം സംസ്ഥാനത്തെ പദ്ധതി വിനിയോഗം കഴിഞ്ഞ കുറേ വർഷങ്ങളായി വളരെ താഴെയായിരുന്നു എന്ന് നമുക്ക് കാണാൻ കഴിയും. ജനങ്ങളുടെ സർവ്വതല സ്പർശിയായ വികസനം ഉറപ്പാക്കേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണം മാർച്ച് 31-നകം പൂർത്തിയാക്കി ഏപ്രിൽ മുതൽ നിർവ്വഹണം എന്ന് വിപ്ലവകരമായ ഒരു മാറ്റം കൊണ്ടുവരാൻ സംസ്ഥാന സർക്കാരും പ്ലാനിംഗ് ബോർഡും എടുത്ത തീരുമാനം 2017-18 വാർഷിക പദ്ധതിയുടെ ധനവിനിയോഗത്തെ വലിയ തോതിൽ സഹായിച്ചു.

പദ്ധതിക്ക് ഡി.പി.സി. അംഗീകാരം വാങ്ങിയതിന് ശേഷം വെറ്റിംഗ് മതി എന്ന മാറ്റം തന്നെ അംഗീകാരത്തിനും നിർവ്വഹണത്തിനും വലിയ സഹായമായി. നിർവ്വഹണ പുരോഗതിക്ക് ഒരു കലണ്ടർ തയ്യാറാക്കി അതിന്റെ അവലോകനത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ തന്നെ നേരിട്ട് ജില്ലകളിൽ എത്തിയതും പദ്ധതി പ്രവർത്തനങ്ങളുടെ ഗതിവേഗം വർദ്ധിപ്പിച്ചു. എന്നാൽ നോട്ട് നിരോധനവും ചരക്ക് സേവന നികുതി പരിഷ്കാരവും സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി 2017 സെപ്റ്റംബർ മുതൽ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. കരാറുകാർ ആദ്യഘട്ടത്തിൽ കരാറെടുക്കുന്നതിൽ നിന്ന് വിട്ടുനിന്നു. ഈ പ്രതിസന്ധി മറികടക്കുവാൻ തദ്ദേശവകുപ്പ്, നഗരസഭകളിൽ ഗുണഭോക്തൃ കമ്മിറ്റികളെടുത്ത് മുന്നോട്ട് പോകുവാനുള്ള ഉത്തരവിറക്കിയപ്പോൾ പുനലൂർ നഗരസഭയിലെ കരാറുകാരുടെ മനസിളകി. അവർ പ്രവൃത്തികളേറ്റെടുക്കുവാൻ തയ്യാറായി. എന്നാൽ കൊല്ലം ജില്ലയിൽ ഒരു ക്വാറി പോലും പ്രവർത്തിക്കാത്ത സാഹചര്യത്തിൽ നിർമ്മാണ സാമഗ്രികൾക്ക് കടുത്ത ദൗർലഭ്യം നേരിട്ടു. മറ്റ് ജില്ലകളിൽ നിന്നും സാധനങ്ങൾ കൊണ്ടുവന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കരാറുകാർ തയ്യാറായി. നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം പ്രതികൂലാവസ്ഥകളെ മറികടക്കുവാൻ സൃഷ്ടിപരമായ നിലപാടുകൾ സ്വീകരിച്ചു. നവംബർ, ഡിസംബർ മാസങ്ങളിലെ ട്രഷറി നിരോധനം ഡിസംബറിൽ നഗരസഭ ലക്ഷ്യമിട്ട നിർവ്വഹണ ശതമാനത്തിലെത്തുന്നതിന് തടസമായി. ജനുവരിയായപ്പോഴേക്കും പുതിയ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ കൂടി ആരംഭിക്കേണ്ടി വന്നു. ഫെബ്രുവരി, മാർച്ച് മാസങ്ങൾ മുനിസിപ്പൽ കൗൺസിൽ അംഗങ്ങൾക്കും ജീവനക്കാർക്കും ഉറക്കമില്ലാത്ത രാവുകളും പകലുകളും സമ്മാനിച്ചു. പുതിയ പദ്ധതികളുടെ രൂപീകരണവും നിലവിലെ പദ്ധതികളുടെ നിർവ്വഹണവും കേരളത്തിലെ തദ്ദേശ ഭരണ സംവിധാനത്തിന്റെ കാര്യക്ഷമതയെ നിരന്തരം ചോദ്യം ചെയ്തിരുന്ന വിവിധ മേഖലകളിലെ വിദഗ്ധന്മാർക്ക് മറുപടിയായി. മാർച്ച് മാസത്തിൽ പുതിയ പദ്ധതിക്ക് രൂപം നല്കാനും നിലവിലെ പദ്ധതി നൂറു ശതമാനം നി

ജീവനക്കാർ

ഭരണസമിതി

ർവ്വഹിക്കാനും നഗരസഭയ്ക്ക് കഴിഞ്ഞു.

2017-18 ബഡ്ജറ്റ് വിഹിതമായി 15.81 കോടി രൂപയാണ് നഗരസഭയ്ക്ക് ലഭിച്ചത്. സ്പിൽഓവർ ഉൾപ്പെടെ 17.05 (107.84%) വിനിയോഗിക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞു. 100%ത്തിലധികം തുക ചെലവഴിക്കുവാൻ കഴിഞ്ഞ നഗരസഭകളിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് പുനലൂർ നഗരസഭയാണ്. വിനിയോഗ ശതമാനം വർദ്ധിപ്പിക്കുന്നതിന് ഒരു കുറുക്കുവഴിയും സ്വീകരിക്കാതെയാണ് നഗരസഭ ഈ നേട്ടം കൈവരിച്ചത്. വാർഷിക പദ്ധതിയിൽ വലിയ തോതിൽ ഒരു ഭേദഗതിയും നഗരസഭ നടത്തിയില്ല. ഭവന നിർമ്മാണമൊഴികെ ഒരു വ്യക്തിഗത ആനുകൂല്യവും വകയിരുത്താതെയാണ് നഗരസഭ പദ്ധതി ആവിഷ്കരിച്ചിരുന്നത്. വിദ്യാഭ്യാസ മേഖലയിൽ വായനാക്കൂട്ടം, പ്രഭാതഭക്ഷണം, ആരോഗ്യ മേഖലയിൽ ആഴ്ചയിലൊരിക്കൽ വാർഡുകളിൽ ഡോക്ടറും വീടുകളിൽ ആരോഗ്യ പ്രവർത്തകരുമെത്തുന്ന സ്പർശം, സമഗ്ര മാലിന്യസംസ്കരണത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമുള്ള ഹരിതായനം അതിന്റെ ഭാഗമായി മെറ്റീരിയൽ റിക്കവറി സെന്റർ, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, 220 ലോക്കൽ കളക്ഷൻ സെന്ററുകൾ, സാംസ്കാരികമായ ഒത്തുചേരലിനായി സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം, ആധുനിക ക്രിമറ്റോറിയത്തിന്റെ നിർമ്മാണം, പട്ടികജാതി മേഖലയിൽ മിഴിവാർന്ന വിവിധ പദ്ധതികൾ, പട്ടികവർഗ്ഗ കോളനിയിലെ വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ, ഭക്ഷണം എന്നിവ ഒരുക്കി 'പഠനവീട്' എന്ന പേരിൽ സായാഹ്ന സാമൂഹിക പഠനകേന്ദ്രം തുടങ്ങി ഞങ്ങളുടെ നാടിന്റെ വികസന സ്വപ്നങ്ങളിൽ ഒരു പങ്ക് നിർവ്വഹിക്കുവാൻ 2017-18 വാർഷിക പദ്ധതി കാലയളവിൽ സാധിച്ചു.

മുനിസിപ്പൽ സെക്രട്ടറി എ.എസ്. നൈസാമിന്റെ നേതൃത്വത്തിൽ മുനിസിപ്പൽ ജീവനക്കാർ, അസ്സി. എക്സി. എഞ്ചിനീയർ ആർ. ബിജുവിന്റെ നേതൃത്വത്തിൽ എഞ്ചിനീയറിംഗ് വിഭാഗം, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരെല്ലാം കൗൺസിലിനൊപ്പം ആത്മാർത്ഥമായി അണിനിരന്നതുകൊണ്ടാണ് പുനലൂർ നഗരസഭയ്ക്ക് 100%ത്തിലധികം പദ്ധതി വിനിയോഗമെന്ന ലക്ഷ്യത്തിലെത്താൻ കഴിഞ്ഞത്. 100% പദ്ധതി വിനിയോഗമെന്ന ലക്ഷ്യം കൈവരിക്കാൻ തുടക്കം മുതൽ ദിശാബോധത്തോടെ

ചെയർമാൻ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നയിച്ച മന്ത്രി ഡോ. കെ.ടി. ജലീലിനും അഗാധമായ ഒരു സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് മാർച്ച് മാസത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിധിയില്ലാതെ പണം ചെലവഴിക്കുവാൻ കഴിയുന്ന നിലയിൽ ട്രഷറി ക്രമീകരിച്ച ധനകാര്യ വകുപ്പ് മന്ത്രി ഡോ. തോമസ് ഐസക്കിനും നഗരസഭ നന്ദി രേഖപ്പെടുത്തുന്നു.

ജീവനക്കാർ

സമയബന്ധിത പ്രവർത്തനഫലം

മഞ്ജു സിജു
ചെയർപേഴ്സൺ

എറണാകുളം ജില്ലയുടെ കിഴക്ക് മലയോര മേഖലയിൽ സ്ഥിതി ചെയ്യുന്ന കോതമംഗലം നഗരസഭ ഹൈറേഞ്ചിന്റെ കവാടം എന്നാണ് അറിയപ്പെടുന്നത്. കഴിഞ്ഞ കാലങ്ങളിൽ തയ്യാറാക്കിയ പദ്ധതികളിലുണ്ടായ അപാകതകളും വീഴ്ചകളും മുന്നിൽ കണ്ട് പട്ടണത്തിന്റെ സമഗ്ര വികസനത്തിന് ഏറ്റവും അനുയോജ്യമെന്ന് തോന്നിയതും നടപ്പിലാക്കാൻ കഴിയുന്നതുമായ പദ്ധതികളാണ് 2017-18-ൽ വിഭാവനം ചെയ്തിരുന്നത്. സാങ്കേതികത്വങ്ങളിൽ കുടുങ്ങി പദ്ധതി നടപ്പിലാ

ഭരണസമിതി

ക്കാതിരിക്കുന്ന അവസ്ഥ ആവർത്തിക്കപ്പെടരുത് എന്ന ധാരണയുടെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കൗൺസിലിന്റെയും ഭാഗത്ത് നിന്നുണ്ടായ അകമഴിഞ്ഞ സഹകരണവും ഏകോപനവുമാണ് നൂറ് ശതമാനം ചെലവ് എന്ന യാഥാർത്ഥ്യത്തിലേക്ക് നഗരസഭയെ എത്തിച്ചത്.

നഗരസഭാ പ്രദേശത്തെ കീറാമുട്ടിയായിരുന്ന ജലദൗർലഭ്യം പരിഹരിക്കുന്നതിന് ലോകബാങ്ക് ധനസഹായത്തോടെ 2 കോടിയിലധികം തുക ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ ജനങ്ങളുടെ ഇടയിൽ നഗരസഭയുടെ മതിപ്പ് ഉയർത്തിയിട്ടുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ഭവന പദ്ധതികളും ഉല്പാദന മേഖലയിലെ സമഗ്രവികസനവും മുൻകൂട്ടികണ്ട് രൂപീകരിച്ച പദ്ധതികളും സമ്പൂർണ്ണതയിലേക്ക് എത്തി എന്നതും എടുത്തുപറയാവുന്ന നേട്ടമാണ്. ഏറ്റവും വിമർശനവിധേയമായികൊണ്ടിരിക്കുന്ന മാലിന്യസംസ്കരണത്തിന് ആധുനിക പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച ബൃഹത് പദ്ധതിയും പൂർണ്ണതയിലേക്ക് നീങ്ങികൊണ്ടിരിക്കുകയാണ്. മാലിന്യമുക്തമാവുന്ന കോതമംഗലത്തിന്റെ സമഗ്രവികസനവും ഹരിതവല്ക്കരണവുമാണ് നടപ്പാക്കിയത് എന്നതിൽ അഭിമാനം കൊള്ളുന്നു.

ചെയർപേഴ്സൺ

ശ്രദ്ധയാൽ നേടിയ വിജയം

പ്രജിത്ത് കാരിയ്ക്കൽ
പ്രസിഡന്റ്

2017-18 വർഷം സംസ്ഥാനത്ത് ആദ്യമായി പദ്ധതി അംഗീകാരം വാങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനം എന്ന നിലയിൽ പദ്ധതി നിർവ്വഹണത്തിലും ഈ മികവ് നിലനിർത്തുവാൻ തുടക്കം മുതൽ ശ്രദ്ധിച്ചിരുന്നു. ഇതിനായി എല്ലാ മാസവും 5 -ാം തീയതി പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം കൂടി ഓരോ മാസവും നടപ്പിലാക്കേണ്ട പ്രോജക്ടുകൾ ഏതെന്ന് തീരുമാനിച്ച് അത് നിശ്ചയ പ്രകാരം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിരുന്നു. ഇതിൽ ഏതെങ്കിലും തരത്തിൽ വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ അത് ഉദ്യോഗസ്ഥരുമായി പ്രത്യേകമായി ചർച്ച ചെയ്ത് പരിഹരിച്ചിരുന്നു. സാങ്കേതികാനുമതി ആവശ്യമില്ലാത്ത പദ്ധതികൾ ആദ്യം തന്നെ നടപ്പിലാക്കുവാൻ ശ്രദ്ധിച്ചു. ടെണ്ടർ നടപടികൾ ആദ്യം തന്നെ ആരംഭിച്ചു. കൊയ്ത്തുമെതിയന്ത്രം, മുച്ചക്ര സ്കൂട്ടർ തുടങ്ങിയ പദ്ധതികൾ ഡിസംബറിനു മുമ്പു നടപ്പിലാക്കി. മരാമത്തു പ്രവർത്തികളുടെ കരാറുകാരുടെ മീറ്റിംഗ് വിളിച്ചു ചേർത്ത് ഫെ

ഭരണസമിതി

ബ്രുവരി 15-ാം തീയതിക്കു മുൻപായി ബില്ലുകൾ മാറണം എന്നും മാർച്ച് മാസം യാതൊരു കാരണവശാലും ബില്ലുകൾ അംഗീകരിക്കില്ലായെന്നും അറിയിക്കുകയും യോഗത്തിന്റെ മിനിറ്റ്സ് തപാലിൽ കരാറുകാർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ഇതുമൂലം ചരിത്രത്തിൽ ആദ്യമായി ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഭൂരിഭാഗം റോഡുകളും പണി പൂർത്തീകരിച്ച് തുക മാറുവാൻ കഴിഞ്ഞു. ഏറ്റവും വലിയ പ്രത്യേകത, ഈ നേട്ടങ്ങൾ കൈവരിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർ എല്ലാവരും മത്സരബുദ്ധിയോടുകൂടി പ്രവർത്തിച്ചുവെന്നതാണ്. കൊയ്ത്തുമെതിയന്ത്രം വാങ്ങി, ഡിസംബർ മാസം 50 ലക്ഷം രൂപ ചെലവഴിച്ച കൃഷി അസിസ്റ്റന്റ് ഡയറക്ടറെ പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ആദരിക്കുകയും ചെയ്തു. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചാത്തല മേഖലയിലെ പരമാവധി തുകയും റോഡുകൾക്കായി നീക്കിവെയ്ക്കുകയും 11 റോഡുകൾ പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ ഗുണഭോക്തൃ ലിസ്റ്റുകൾ ഗ്രാമപഞ്ചായത്തുക ളിൽ നിന്നും യഥാസമയം ലഭ്യമാക്കുന്നതിന്റെ ചുമതല വി.ഇ.ഒ മാർക്ക് നൽകുകയും അവർ അത് ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തു. മാർച്ച് മാസം 31 ആയപ്പോൾ 2017-18 ലെ പദ്ധതി തുക സ്പിൽഓവർ പദ്ധതികൾ ഉൾപ്പെടെ 128.8% ചെലവഴിച്ചു.

നൂതന പ്രോജക്ട്

പ്ലാസ്റ്റിക് മാലിന്യരഹിത അമ്പലപ്പുഴ എന്ന പദ്ധതിയിൽ, 5 ഗ്രാമപഞ്ചായത്തുകളിലേക്കും കുടുംബശ്രീ യൂണിറ്റുകൾ വഴി ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ, പദ്ധതി തുക ഉപയോഗിച്ച് ബ്ലോക്ക് കോമ്പൗണ്ടിൽ പണിത പ്ലാസ്റ്റിക് ശേഖരണ ഷെഡിൽ ശേഖരിക്കുകയും അത് സ്വകാര്യ ഷ്രെഡിംഗ് യൂണിറ്റിന് കൈമാറുകയും ചെയ്തു വരുന്നു. ഇതിനോടകം മുപ്പതിലധികം ലോഡ് പ്ലാസ്റ്റിക് മാലിന്യം ലോറിയിൽ കയറ്റി അയച്ചു കഴിഞ്ഞു. അമ്പലപ്പുഴ ബ്ലോക്കിന്റെ പരിധിയിലുള്ള സ്കൂളുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ മുഖേന ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ ഇവിടെ ശേഖരിക്കുകയും ഷ്രെഡിംഗിനായി കയറ്റി അയയ്ക്കുകയും ചെയ്യുന്നു. ഈ വർഷവും തുടർ പ്രോജക്ടായി ഈ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

ജീവനക്കാർ

ദിശാബോധമേകിയ കരുത്ത്

ആർ. പ്രേംജി
പ്രസിഡന്റ്

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന് 2017-18 വർഷത്തിൽ പദ്ധതി നടപ്പാക്കുന്നതിൽ വൻനേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവരുടെ കൂട്ടായ പരിശ്രമത്തിന്റെ ഗുണഫലമാണ് ഈ നേട്ടം.

2017-18 വർഷത്തിൽ 93 പദ്ധതികളിലായി 4,20,60000/- രൂപയുടെ പദ്ധതികളാണ് ഏറ്റെടുത്തത്. വർഷാദ്യം മുതൽതന്നെ ചിട്ടയായ പ്രവർത്തനം കാഴ്ചവച്ചുകൊണ്ട് ഒരോ പദ്ധതിയുടെയും നടത്തിപ്പുകൾ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗത്തിൽ ചർച്ചചെയ്ത് വിലയിരുത്തി പോരായ്മകൾ, കുറവുകൾ അപ്പോഴപ്പോൾ പരിഹരിച്ചുകൊണ്ട് പ്രവർത്തനം മുമ്പോട്ട് നീങ്ങി. സർക്കാർ നിർദ്ദേശപ്രകാരംതന്നെ ഓരോ മാസത്തിലും പദ്ധതി ചെലവിന് ലക്ഷ്യം കൈവരിക്കുന്നതിൽ ഒരുപരിധിവരെ സാധിച്ചു.



പ്രസിഡന്റ്

പദ്ധതി രൂപികരണ ഘട്ടത്തിൽ തന്നെ പദ്ധതി തിരഞ്ഞെടുക്കുന്നതിലും കൃത്യമായ കാഴ്ചപ്പാടോടെ ഭരണസമിതി പ്രവർത്തിക്കുകയും ജനങ്ങൾക്ക് പ്രയോജനപ്രദവും വിജ്ഞാനപ്രദവുമായ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിൽ ശ്രദ്ധപുലർത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ വിഭാഗം ജനങ്ങൾക്കുമുള്ള പദ്ധതികൾ 2017-18ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

അംഗപരിമിതർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് നല്കിയ സ്കൂട്ടർ വിത്ത് സൈഡ് വീൽ പദ്ധതിയിലൂടെ 13 പേർക്ക് സഹായം നല്കി. അതുപോലെ അംഗപരിമിതർക്കായി നടത്തിയ മെഡിക്കൽ ക്യാമ്പും സർട്ടിഫിക്കറ്റ് വിതരണവും ധാരാളം അംഗപരിമിതർക്ക് ഉപകാരപ്പെട്ടിട്ടുണ്ട്.

കാർഷിക രംഗത്ത് നൂതന കൃഷി സമ്പ്രദായത്തെക്കുറിച്ചും ചെലവ് കുറഞ്ഞ കൃഷി രീതികളെ കുറിച്ചും കർഷകർക്ക് അറിവും അനുഭവവും നല്കിയ പദ്ധതിയാണ് കാർഷികമേള. അതുപോലെ ജൈവ കൃഷിയിലും പച്ചക്കറികൃഷിയിലും കുട്ടികളിൽ താത്പര്യവും അറിവും നല്കുന്നതിനായി സ്കൂൾ ഹരിത ക്ലബുകൾക്ക് പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതി, വിവിധ പഞ്ചായത്തുകളിലെ കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് കർഷകരെ സഹായിക്കുന്ന കാർഷിക മാർക്കറ്റുകൾ, സ്വാശ്രയ ഗ്രൂപ്പുകൾക്ക് കൃഷിചെയ്യുന്നതിനുള്ള പ്രോത്സാഹനമായി റിവോൾവിംഗ് ഫണ്ട് എന്നിവ കാർഷികരംഗത്തിന് ഉണർവ് നല്കിയ പദ്ധതികളാണ്. ക്ഷീരകർഷകർക്ക് പ്രോത്സാഹനം നല്കുന്ന വിവിധ പദ്ധതികളും 2017-18 ൽ ഉൾക്കൊള്ളിച്ചിരുന്നു.

വാർദ്ധക്യത്തിലെ ഏകാന്തത നമ്മുടെ സമൂഹം നേരിടുന്ന വെല്ലുവിളിയാണ്. ഇതിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ വിവിധ ഗ്രാമപഞ്ചായത്തുകളിൽ പകൽവീട്, വൃദ്ധസദനം എന്നിവ നിർമ്മിക്കുവാൻ സാധിച്ചു. അംഗനവാടികളിൽ ശിശുസൗഹൃദ ടോയ്‌ലെറ്റ്, അംഗൻവാടി നിർമ്മാണം എന്നിവ ശിശുക്ഷേമമേഖലയിലെ ഇടപെടലുകളായിരുന്നു. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി വനിതാ ഉല്പന്നവിപണനകേന്ദ്രങ്ങളും തൊഴിൽ പരിശീലനകേന്ദ്രങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

ബ്ലോക്ക് പഞ്ചായത്ത് വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം ജനസേവനകേന്ദ്രമായി ഓഫീസിനെ മാറ്റുന്നതിനും ഭരണസമിതി പ്രത്യേക ശ്രദ്ധ

ചെലുത്തി അതിന്റെ ഫലമായി ഓഫീസിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചു. മാലിന്യസംസ്കരണരംഗത്തും പ്ലാസ്റ്റിക് ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനും മാതൃകാപരമായി പ്രവർത്തിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നേതൃത്വപരമായ ചുമതല വഹിച്ചിട്ടുണ്ട്. വൃത്തിയായ പ്ലാസ്റ്റിക് സംഭരിക്കുന്നതിനുള്ള സംഭരണകേന്ദ്രം (മെറ്റീരിയൽ കളക്ഷൻ സെന്റർ) നിർമ്മാണത്തിലാണ്. ബ്ലോക്ക് പഞ്ചായത്ത് ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കിയിട്ടുണ്ട്. 2014-15 ൽ 100 ശതമാനം പദ്ധതി ചെലവഴിക്കുകയും സംസ്ഥാനത്ത് മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് സ്വരാജ് ട്രോഫിയും കരസ്ഥമാക്കിയിട്ടുണ്ട്.

പദ്ധതി പ്രവർത്തനം വിജയകരമായി നടപ്പാക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകൾ, ആസൂത്രണസമിതി എന്നിവയുടെ പ്രവർത്തനവും ഇടപെടലുകളും പ്രധാനമാണ്. വർക്കിംഗ് ഗ്രൂപ്പിൽ ചർച്ചചെയ്യപ്പെടുന്ന പദ്ധതികളുടെ പ്രാധാന്യവും പ്രായോഗികതയും കണക്കിലെടുത്ത് ഭരണസമിതികളുടെ ദിശാബോധവും വികസന തന്ത്രവും സമന്വയിപ്പിച്ചുകൊണ്ട് രൂപപ്പെടുത്തുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയുമെന്നുള്ളത് ഞങ്ങളുടെ ഈ വിജയത്തിന്റെ അനുഭവസാക്ഷ്യമാണ്.

ഭരണസമിതി

ചിട്ടയുടെ വിജയം

ഷീന സെബാസ്റ്റ്യൻ
പ്രസിഡന്റ്

വികേന്ദ്രീകൃതാസൂത്രണത്തിന്റെ 25-ാം വർഷത്തിലേക്ക് കടക്കുമ്പോൾ ജനകീയാസൂത്രണത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച സവിശേഷമായ അധികാരത്തിലൂടെ പ്രാദേശിക തലത്തിൽ ഉൽപ്പാദന, സേവന , പശ്ചാത്തല മേഖലകളിൽ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2017 - 18 പദ്ധതി വർഷത്തിന്റെ ആരംഭത്തിൽതന്നെ പദ്ധതികൾക്ക് അംഗീകാരം നേടി നിർവ്വഹണം ആരംഭിക്കാൻ സാധിച്ചു. പദ്ധതി നിർവ്വഹണത്തിൽ ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും കൂട്ടുത്തരവാദിത്തം ഏറ്റെടുക്കുകയും ജനസേവകരായി പ്രവർത്തിക്കുകയും ചെയ്യുന്നു.

പ്രസിഡന്റ്

ബ്ലോക്ക് പഞ്ചായത്തിലെ 13 ഡിവിഷനുകൾക്കും തുല്യ പ്രാധാന്യം നൽകി ഫണ്ട് വിനിയോഗം നടത്തുന്നു. രാഷ്ട്രീയ കക്ഷി ഭേദമന്യേ എല്ലാ മെമ്പർമാരും ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പദ്ധതി നടത്തിപ്പിൽ ശ്രദ്ധ ചെലുത്തുന്നു. ഉത്പ്പാദനമേഖലയിൽ 29 ഉം സേവന മേഖലയിൽ 21 ഉം പശ്ചാത്തല മേഖലയിൽ 16 ഉം പട്ടികജാതി വികസന മേഖലയിൽ 9 ഉം പട്ടികവർഗ്ഗ വികസനത്തിനായി ഒരു പ്രോജക്ടും ഉൾപ്പെടെ ആകെ 76 പ്രോജക്ടുകളാണ് പദ്ധതി വർഷത്തിൽ പൂർത്തീകരിച്ചത്.

2017-18 വർഷത്തിൽ ലഭ്യമായ 4,21,00000 രൂപയും സ്പിൽ ഓവർ പദ്ധതി ഇനത്തിൽ 71 ലക്ഷം രൂപയും ചെലവഴിച്ച് 116.99% എന്ന ലക്ഷ്യത്തിലെത്താൻ സാധിച്ചു.

ഉത്പ്പാദന മേഖലയിൽ ഇറിഗേഷൻ പ്രവൃത്തികൾക്ക് പ്രാധാന്യം നൽകിയതിനാൽ ജലസേചന മേഖലയിലെ പ്രശ്നങ്ങൾക്കും കുടിവെള്ള ക്ഷാമത്തിനും പരിഹാരം കാണുന്നതിനും കാർഷിക മേഖലയിൽ മുൻപില്ലാത്ത വിധം നേട്ടം കൈവരിക്കുന്നതിനും സാധിച്ചു എന്നത് അഭിമാനാർഹമാണ്.

2017-18 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക 100 ശതമാനവും ചെലവഴിക്കാൻ സാധിച്ചു.

അംഗൻവാടി വിദ്യാർത്ഥികളുടെ വിജ്ഞാനത്തിനും വിനോദത്തിനുമായി

ജീവനക്കാർ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 125 അംഗൻവാടികൾക്ക് ഈ വാർഷിക പദ്ധതിയിൽ റേഡിയോ നൽകി. മാരകമായ രോഗങ്ങളാൽ ക്ലേശിക്കുന്നവർക്ക് ആശ്വാസമേകുന്നതിനായി ഡോക്ടറുടെയും സ്റ്റാഫ് നഴ്സിന്റെയും സേവനം വീടുകളിൽ ലഭ്യമാക്കുന്ന പദ്ധതിയായ പാലിയേറ്റീവ് കെയർ സെക്കന്റ് ഫേസ് നടപ്പിലാക്കി.

പട്ടികജാതി വികസന പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് പഠനമുറി, മെറിറ്റോറിയസ് സ്കോളർഷിപ്പ്, എസ്. സി കമ്മ്യൂണിറ്റി ഹാളുകളുടെ നിർമ്മാണം, ഫർണിച്ചർ വാങ്ങൽ, എസ് സി കോളനികളുടെ നവീകരണം എന്നീ പദ്ധതികൾക്കായി തുക ചെലവഴിച്ചു.

ലൈഫ് ഭവന പദ്ധതിയിൽ വിവിധ കാരണങ്ങളാൽ പണി പൂർത്തിയാക്കാൻ സാധിക്കാതിരുന്നവർക്ക് അധിക തുക നൽകി വീടുകളുടെ പണി പൂർത്തീകരിച്ചു.

ഭരണസമിതി അംഗങ്ങളുടെയും പ്ലാൻ കോർഡിനേറ്ററായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെയും അസിസ്റ്റന്റ് പ്ലാൻ കോർഡിനേറ്ററുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ചിട്ടയായ പ്രവർത്തനവും കൃത്യമായ അവലോകനവുമാണ് ഈ നേട്ടത്തിൽ എത്തിച്ചത്.

2018-19 പദ്ധതി വർഷത്തിലെ പ്രവൃത്തികൾക്ക് മാർച്ചിൽതന്നെ ഡി.പി.സി അംഗീകാരം ലഭിച്ചു. എല്ലാ പ്രവൃത്തികളുടെയും വിശദമായ എസ്റ്റിമേറ്റ് എടുത്ത് മെയ് മാസം തന്നെ പ്രവർത്തനം ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഭരണസമിതി

പഴയന്നൂർ ബ്ളോക്ക് പഞ്ചായത്ത്

വിജയരഹസ്യം അവിരാമയത്നം

വി. തങ്കമ്മ
പ്രസിഡന്റ്

2005 മുതൽ 2010 വരെ തുടർച്ചയായ 5 വർഷവും സ്വരാജ് ട്രോഫി നേടിയതിന് 7 വർഷത്തിന് ശേഷം വീണ്ടും 2017-18 സാമ്പത്തികവർഷം പദ്ധതിവിഹിതത്തിന്റെ 111.86% ചെലവഴിച്ച് സംസ്ഥാനത്തിന് മാതൃകയായി പഴയന്നൂർ ബ്ലോക്ക് തൃശ്ശൂർ ജില്ലയിൽ ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുകയാണ്. എന്നാൽ 2017-18 സാമ്പത്തികവർഷം വളരെ അവധാനതയോടുകൂടിയാണ് വാർഷികപദ്ധതി ആസൂത്രണം ചെയ്തതും നിർവ്വഹണം ആരംഭിച്ചതും. വർക്കിംഗ് ഗ്രൂപ്പ് പുനസംഘാടനം മുതൽ കൃത്യത പാലിക്കുന്നതിനുവേണ്ടി വലിയ ശ്രദ്ധ നൽകിയിരുന്നു.

പദ്ധതികളെ നടപ്പിലാക്കുന്ന പദ്ധതികൾ, നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടേറിയ പദ്ധതികൾ, പ്രത്യേകം അനുമതി ലഭിച്ചാൽ മാത്രം നടപ്പിലാക്കാവുന്ന പദ്ധതികൾ എന്നിങ്ങനെ മൂന്നായി തിരിച്ച് 6 നൂതന പദ്ധതികളും വാർഷികപദ്ധതിയിലുൾപ്പെടുത്തി. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി., ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം 4 മാസത്തിലൊരിക്കൽ ചേർന്നു. എല്ലാ ഭരണസമിതി യോഗത്തിനു മുമ്പായും സ്റ്റാന്റിംഗ്കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി യോഗങ്ങൾ നടത്തി. ബ്ലോക്കിലെ വിവിധ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ഓരോ മേഖല അടിസ്ഥാനത്തിലും പ്രത്യേക ചുമതല നൽകി ദ്വൈവാര പുരോഗതി സംബന്ധിച്ച റിപ്പോർട്ട് വിശദമായി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

മാലിന്യസംസ്കരണത്തിനായി 108 വാർഡുകളിൽ ശുചിത്വസേനാംഗങ്ങളെ റിക്രൂട്ട് ചെയ്ത് പ്രവർത്തനം ആരംഭിച്ചു. പ്ലാസ്റ്റിക് മാലിന്യം മാത്രം സംസ്കരിക്കുന്നതിന് 86 സെന്റ് സ്ഥലം പദ്ധതിവിഹിതം ഉപയോഗിച്ച് വാങ്ങി വർക്ക് ഷെഡിന്റെ പണി പൂർത്തിയാക്കി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.

ചക്കയെ സംസ്ഥാന ഫലമായി പ്രഖ്യാപിക്കുന്നതിന് മുൻപ് തന്നെ ചക്കയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ചക്കസംസ്കരണ കേന്ദ്രം ആരംഭിച്ചു. ഇതിലൂടെ വഴി 100 സ്ത്രീകൾക്ക് പ്രത്യക്ഷമായും 400 ഓളം വരുന്ന പരോക്ഷ തൊഴിൽദിനങ്ങളും സൃഷ്ടിക്കുന്നതിന് കഴിയും. ഇതിനുവേണ്ടി 6000 തേൻവരിക്ക പ്ലാവിൻ തൈകൾ ആത്മ പദ്ധതിയിൽ കർഷകർക്ക് വിതരണം ചെയ്തു.

സംസ്ഥാനത്ത് ആദ്യമായി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 108 വാർഡുകളിലായി നിലവിലുള്ള കുടുംബശ്രീ എഡിഎസ്, സിഡിഎസ് ഭാരവാഹികളെ ഉൾപ്പെടുത്തി ജെന്റർ റിസോഴ്സ് സെന്റർ, കൗൺസലിംഗ് സെന്റർ എന്നിവ ആരംഭിച്ചു. ഇതിലൂടെ സ്ത്രീ സുരക്ഷയും കുടുംബസുരക്ഷയും പ്രീ & പോസ്റ്റ് മാര്യേജ് കൗൺസലിംഗും നടപ്പിലാക്കാൻ കഴിഞ്ഞു.

ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്ര ജലവിഭവ ഭൂപടം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിന്റെ സഹായത്തോടുകൂടി തയ്യാറാക്കി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കൂടി ഉപയോഗിച്ച് വിവിധങ്ങളായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്റർ, ഹരിതസേന, കർമ്മസേന എന്നിവയെ ഉപയോഗപ്പെടുത്തി 600 ഏക്കർ തരിശു സ്ഥലത്ത് നെൽകൃഷി ഇറക്കി കൃഷിവ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞു. അന്നപൂർണ്ണ എന്ന പേരിൽ ബ്ലോക്ക്

പ്രസിഡന്റ്

പരിധിയിലെ മുഴുവൻ നെൽകൃഷിക്കാവശ്യമായ നെൽവിത്ത് 100% സബ്സിഡിയോടെ നൽകാൻ കഴിഞ്ഞു.

സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി ബഡ്സ് സ്കൂൾ കുട്ടികളുടെ തൊഴിൽ പരിശീലനവും പുനരധിവാസവും പദ്ധതി നടപ്പിലാക്കാൻ സാധിച്ചു. ഗ്രാമന്യായാലയ കെട്ടിട സമുച്ചയം പൂർത്തീകരിച്ചു വിവരസാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ ഗ്രാമീണജനതയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സിറ്റിസൺ ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ചു. 60 വയസിനുമുകളിലുള്ള അമ്മമാർക്കായി 'പകൽവീട്' നടപ്പിലാക്കി.



പലപ്പോഴും സംയുക്ത പദ്ധതികളുടെ നിർവ്വഹണത്തിൽ ചെറിയ പ്രതിസന്ധികളെ നേരിടേണ്ടി വന്നിട്ടുണ്ട്. അനുവദനീയമായ വ്യക്തിഗത ആനുകൂല്യ വിതരണത്തിനുള്ള പദ്ധതികളിൽ ഗ്രാമപഞ്ചായത്തുകളുടെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കുക എന്നതും വെല്ലുവിളിയായി മാറാറുണ്ട്. ഇതിനെയെല്ലാം സ്നേഹപൂർണ്ണമായ യോജിപ്പിന്റെ ഭാഷയിലൂടെ അതിജീവിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് രൂപീകരിച്ച പുരുഷ സ്വയംസഹായസംഘങ്ങൾ എന്ന പുതിയ സംവിധാനത്തിന് ബാങ്കിംഗ് സഹായങ്ങൾ എത്തിക്കുവാൻ കഴിയുന്നില്ല എന്നത് ഒരു സങ്കടം മാത്രമായി നിലനിൽക്കുകയാണ്.

തീരുമാനങ്ങൾ എല്ലാം ഐക്യകണ്ഠേന എടുക്കുന്നതിനും സംസ്ഥാന സർക്കാർ, എം.പി, എം.എൽ.എ, ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകൾ, ജില്ലാതല ഉദ്യോഗസ്ഥർ, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ നിർവ്വഹണ ഉദ്യോഗസ്ഥർ, കുടുംബശ്രീ, ബഹുജനങ്ങൾ എന്നിവരെ ഒരു നൂലിൽ മണികളെന്ന പോലെ കോർത്തിണക്കി ഒറ്റമനസ്സാക്കി നിർവ്വഹണഘട്ടത്തിലെ പ്രതിസന്ധികളെ അതിജീവിക്കുന്നതിനും മാർച്ച് 25 നകം തന്നെ പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞു എന്നത് അഭിമാനകരമാണ്.

2018-19 വാർഷികപദ്ധതി മാർച്ച് 15 ന് തന്നെ ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ച് അംഗീകാരം നേടുകയും ഏപ്രിൽ 1 ന് നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഭരണസമിതിയും ജീവനക്കാരും

ഭരണസമിതിയും ജീവനക്കാരും

ഒരുമയുടെ വിജയം

യേശുദാസ് പറപ്പിള്ളി
പ്രസിഡന്റ്

എറണാകുളം ജില്ലയിലെ തീരദേശത്തെ 5 ഗ്രാമപഞ്ചായത്തുകൾ ചേർന്ന ചെറിയ ബ്ലോക്ക് പഞ്ചായത്ത് ആണ് പറവൂർ. പ്രകൃതിരമണീയവും ചരിത്ര പ്രാധാന്യവുമുള്ള ഒരുപാട് സ്ഥലങ്ങൾ ഈ പ്രദേശത്തുണ്ട്.

പറവൂർ ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ ലഭ്യമായ പദ്ധതി വിഹിതത്തിന്റെ 111.7 % ചെലവഴിച്ച് സംസ്ഥാനത്ത് മികച്ച നിലയിൽ എത്തിയിരിക്കുന്നു.

2017 മെയ് മാസത്തിൽ പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചു.

സർക്കാർ നിർദ്ദേശമനുസരിച്ച് വർഷത്തിന്റെ ഓരോ പാദത്തിലും നേടേണ്ട ലക്ഷ്യം കൈവരിക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ആദ്യം മുതൽ നിഷ്കർഷിച്ചിരുന്നു. അതനുസരിച്ച് നവംബർ മാസത്തിൽ 60% ഡിസംബർ 31 നകം 70%, ഫെബ്രുവരി 28 നകം 85% എന്നിങ്ങനെ സാമ്പത്തിക ലക്ഷ്യം കൈവരിക്കാൻ പറവൂർ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 2018 മാർച്ചിൽ 17 ന് 100% ചെലവഴിച്ച സംസ്ഥാനത്തെ രണ്ടാമത്തെ ബ്ലോക്ക് പഞ്ചായത്താണ് പറവൂർ. മാർച്ച് 24-ാം തീയതിയോടെ ലഭ്യമായ മുഴുവൻ പദ്ധതി തുകയും ചെലവഴിച്ച്, അക്കൗണ്ട് Zero Balance ആയി. സ്പിൽ ഓവർ ഇനത്തിൽ ലഭ്യമാകേണ്ട 30 ലക്ഷത്തോളം രൂപ ഇനി കിട്ടിയാൽ മാത്രമേ 2017-18 ലെ ബാധ്യതകൾ തീർക്കാൻ കഴിയൂ.

ലഭ്യമായ ഫണ്ടിൽ ജനറൽ വിഭാഗം കൂടാതെ പട്ടികജാതി പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിങ്ങനെ എല്ലാ മേഖലകളിലും 100% പണം ചെലവഴിച്ചിട്ടുണ്ട്.

നേട്ടങ്ങൾക്ക് കാരണമായത് താഴെപ്പറയുന്ന കാര്യങ്ങളാണ്.

1) ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ യത്നം.
2) മാസത്തിൽ 2 തവണ നടക്കുന്ന ബ്ലോക്ക് പഞ്ചായത്ത് സമിതിയിലെ പദ്ധതി അവലോകനം.
3) മാസത്തിൽ ഒരു തവണ നടക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം.
4) നിർവ്വഹണ ഉദ്യോഗസ്ഥരുമായി നിരന്തരമുള്ള പ്രസിഡന്ററിന്റെയും സെക്രട്ടറിയുടെയും ഇടപെടൽ.
5) പ്രോജക്ട് ഭേദഗതി ചെയ്യുന്നതിനും മിച്ചം വരുന്ന തുക വിനിയോഗിച്ച് പുതിയ പ്രോജക്ട് അംഗീകാരം വാങ്ങുന്നതിനും ഒക്ടോബർ മുതൽ ആരംഭിച്ച ശ്രമങ്ങൾ.
6) നിർമ്മാണ പ്രവർത്തനങ്ങൾ ഡിസംബർ 31 നകം പൂർത്തീകരിക്കണ മെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനത്തോട് സഹകരിച്ച് പ്രവർത്തിച്ച എൽ.എസ്. ജി.ഡി വിംഗ്.
7) ബ്ലോക്ക് പഞ്ചായത്തിനോട് ഒത്തിണങ്ങി പ്രവർത്തിച്ച നിർവ്വഹണ ഉദ്യോഗസ്ഥർ.
8) നിർവ്വഹണ ഉദ്യോഗസ്ഥരെ കൂട്ടിയിണക്കുന്ന സെക്രട്ടറിയുടെ കോ-ഓഡിനേഷൻ.
9) നിർവ്വഹണ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടാൽ ഉടൻ അലോട്ട്മെന്റ് നൽകുന്ന ഉദ്യോഗസ്ഥ സംവിധാനം.
10) ഫീൽഡ് വിസിറ്റിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വാഹനം നൽകുന്നതിന് സെക്രട്ടറി കാണിച്ച താല്പര്യം.

മേൽപറഞ്ഞവ നേട്ടങ്ങൾക്ക് വഴിവെച്ച ചില കാര്യങ്ങൾ മാത്രം. ചുരുക്കത്തിൽ ഭരണസമിതിയും ഉദ്യോഗസ്ഥരും ടീം ആയി പ്രവർത്തിച്ചതിനുള്ള ഫലമാണ് 111.7% നേട്ടം എന്ന് തീർത്തു പറയാം

100 നൂറിന്റെ നിറവ്

നൂറിന്റെ തിളക്കം

ഗിരിജ മധു
പ്രസിഡന്റ്

പത്തനംതിട്ട ജില്ലയിലെ മലയോര മേഖലയിൽ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്താണ് റാന്നി. 9 ഗ്രാമപഞ്ചായത്തുകളിലായി 1004.61 ച.കി. വ്യാപിച്ചു കിടക്കുന്ന അതിവിസ്തൃതമായ പ്രദേശമാണ് റാന്നി ബ്ലോക്ക്. 2017-18 സാമ്പത്തിക വർഷം ; ജനറൽ വിഭാഗത്തിൽ 5,98,46,706 രൂപയും പട്ടികജാതി വിഭാഗത്തിൽ 1,16,85,324 രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിൽ 48,12,000 രൂപയും ഉൾപ്പെടെ 7,63,44,030 രൂപയുമാണ് ആകെ അടങ്കൽ.

2017-18 സാമ്പത്തിക വർഷം പദ്ധതിക്ക് ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയ സമയം മുതൽ തന്നെ 100% എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഓരോ മാസവും രണ്ടു തവണ വീതം നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ഓരോ പ്രോജക്ടും പ്രത്യേകം വിശകലനം

ഭരണസമിതിയും ജീവനക്കാരും

ചെയ്യുകയും അതിന്റെ അടിസ്ഥാന ത്തിൽ, സേവിംഗ്സ് വരുന്ന തുക കണ ക്കാക്കി പ്രോജക്ട് റിവിഷൻ സമയത്ത് ടി തുക ഉപയോഗിച്ച് പുതിയ പ്രോജക്ടു കൾ ഏറ്റെടുക്കുകയും ചെയ്തു അവ നടപ്പി ലാക്കുക വഴി 100% വിജയത്തിനു വേണ്ടി എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ആത്മാർത്ഥമായി പ്രവർത്തിച്ചു.

റാന്നി ബ്ലോക്ക് പഞ്ചായത്തിന് 3

സാമൂഹികാരോഗ്യ കേന്ദ്രങ്ങളും ഒരു താലൂക്ക് ആശുപത്രിയുമാണ് ഉള്ളത്. ഇതിൽ റാന്നി താലൂക്ക് ഹോസ്പിറ്റൽ (എം.സി. ചെറിയാൻ മെമ്മോറിയൽ ഹോസ്പിറ്റൽ) സ്ഥല സൗകര്യമില്ലാതെ വളരെയേറെ ബുദ്ധിമുട്ടുന്ന അവസ്ഥയിലാ യിരുന്നു. ഇതിനു പരിഹാരമായി റാന്നി താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 25 സെന്റ് സ്ഥലം 65 ലക്ഷം രൂപയ്ക്ക് വാങ്ങി നൽകി. അതോടൊപ്പം തന്നെ ആശുപത്രിക്ക് മാലിന്യസംസ്കരണത്തി ന് യാതൊരു പദ്ധതിയും ഇല്ലാതിരുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി 56 ലക്ഷം രൂപ മുടക്കി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചു. കൂടാതെ അത്യാധു നിക സൗകര്യങ്ങളും ബ്ലോക്ക് പഞ്ചായ ത്ത് ഏർപ്പാടാക്കി.

പട്ടികജാതി വിഭാഗത്തിന് ഭൗതിക സൗകര്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യ ത്തോടെ കുട്ടികൾക്ക് വേണ്ടിയുള്ള പഠന മുറി, മെറിറ്റോറിയസ് സ്കോളർഷിപ്പ് മുതലായ പദ്ധതികളും ലക്ഷ്യം കണ്ടു.

പട്ടികവർഗ്ഗ വിഭാഗത്തിന് വകയിരു ത്തിയ തുകയും പൂർണ്ണമായി ചെലവഴി ക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞു. ചിട്ടയായ പ്രവർത്തനവും കൃ ത്യമായ മോണിട്ടറിംഗും പദ്ധതി പ്രവർ ത്തനം വേഗത്തിലാക്കാൻ സഹായിച്ചു.

2018-19 വാർഷിക പദ്ധതിക്ക് സം സ്ഥാനത്തു തന്നെ രണ്ടാമതായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുന്നതിന് സാധിച്ചു. 'ജല പുനർജ്ജ

പ്രസിഡന്റ്

നി' "വയോജന ക്ലബ്ബ്' എന്നീ നൂതന പ്രോജക്ടും ഏറ്റെടുത്തിട്ടുണ്ട്.

അശ്രാന്ത പരിശ്രമത്തിന്റെ ഫലം

മുഹമ്മദാലി വി.എം
പ്രസിഡന്റ്

പട്ടാമ്പി ബ്ളോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ പദ്ധതി നിർവ്വഹണം ഫലപ്രദമായി നടത്താൻ കഴിഞ്ഞു എന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഈ പ്രകടനം കാഴ്ചവെയ്ക്കാൻ അശ്രാന്ത പരിശ്രമവും നിതാന്ത ജാഗ്രതയും പുലർത്താൻ തുടക്കം മുതൽ ശ്രദ്ധിച്ചിരുന്നു. പദ്ധതി നിർവ്വഹണം 100% കടക്കാൻ ഓരോരുത്തരുടെയും പങ്കാളിത്തവും കൂട്ടായ പ്രവർത്തനവും ഉണ്ടായി എന്നത് നന്ദിയോടെ ഓർക്കേണ്ട കാര്യമാണ്.

സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽതന്നെ അതത് സ്റ്റാന്റിംഗ് കമ്മറ്റികളുടെ മേൽനോട്ടത്തിൽ മോണിറ്ററിംഗ് നടത്തി നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുകയും ഓരോരുത്തരുടെയും കീഴിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കാൻ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. പൂർത്തീകരിക്കുവാൻ പ്രയാസമുള്ള പ്രോജക്റ്റുകൾ റിവിഷൻ നടത്തി മാറ്റം വരുത്തിയത് പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ ആക്കം കൂട്ടുകയുണ്ടായി. ലൈഫ് ഭവന പദ്ധതിക്ക് ഏറ്റവും പ്രാധാന്യം നൽകി. തുടങ്ങി വെച്ച് വർഷങ്ങളായി പൂർത്തീകരിക്കുവാൻ കഴിയാത്ത 99% വീടുകളും പൂർണ്ണമായും പൂർത്തീകരിക്കുവാൻ സാധിച്ചത് എടുത്തു പറയേണ്ട കാര്യമാണ്.

ആരോഗ്യ മേഖല കൂടുതൽ സമ്പുഷ്ടമാക്കുന്നതിന് കൊപ്പം മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി.

രൂക്ഷമായ വരൾച്ചയെ നേരിടുന്നതിന് വിവിധ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. പുലാമന്തോൾ തടയണയുടെ ഫലമായി നിറഞ്ഞു നിൽക്കുന്ന കുന്തപ്പുഴയിൽ ചുണ്ടമ്പറ്റ - പൊന്നീരിപ്പാറ കടവിൽ, ഒരു മിനി ജലസേചന പദ്ധതി ഈ വർഷം പൂർത്തിയാക്കി. ഇതിലൂടെ പരിസര പ്രദേശങ്ങളിലെ വിവിധ കൃഷിയിടങ്ങളും കിണർ, കുളം തുടങ്ങിയ കുടിവെള്ള സ്രോതസ്സുകളും സജീവമായി നിലനിർത്താനും കഴിഞ്ഞു. തരിശു രഹിത ബ്ളോക്ക് പഞ്ചായത്ത് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന്റെ പ്രാഥമിക ഘട്ടമെന്ന നിലയ്ക്ക് കൃഷിഭൂമി തരിശായി കിടക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും ആവശ്യമായ സാമ്പ

ഭരണസമിതി

ത്തിക സഹായങ്ങൾ കർഷകർക്ക് നൽകുകയും മുഴുവൻ തുക ചെലവഴിക്കുകയും ചെയ്തു.

ഭിന്നശേഷിക്കാരുടെ മാനസികവും ശാരീരികവുമായ അവസ്ഥ ലഘൂകരിക്കുന്നതിന് "കൂട്ട് " എന്ന പേരിൽ ഭിന്നശേഷി സൗഹൃദ പദ്ധതി നടപ്പാക്കി.

ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തമാക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന മൃഗസംരക്ഷണ , ക്ഷീരവികസന മേഖലയിൽ ആവശ്യമായ ഫണ്ട് നീക്കിവെയ്ക്കുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തു.

എഞ്ചിനീയറിംഗ് വിംഗിലെ ഉദ്യോഗസ്ഥരുടെ കുറവ് കാരണം ഗ്രാമീണ മേഖലയിലെ പ്രത്യേകിച്ച് പട്ടികജാതി വിഭാഗക്കാർ, താമസിക്കുന്ന പ്രദേശങ്ങളിലെ ഗതാഗതയോഗ്യമല്ലാത്ത റോഡുകളുടെ പുനരുദ്ധാരണത്തിനു വേണ്ടി നീക്കി വെച്ച ഫണ്ട് ചെലവഴിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ ആശങ്ക ഉണ്ടായിരുന്നുവെങ്കിലും ലഭ്യമായ എഞ്ചിനീയർമാരും മറ്റ് ഉദ്യോഗസ്ഥരും ഭരണസമിതിക്കൊപ്പം നടത്തിയ വലിയ പ്രയത്നം ഞങ്ങളെ ലക്ഷ്യത്തിലെത്തിക്കുകയായിരുന്നു.

മാനദണ്ഡങ്ങൾ പാലിച്ചും സർക്കാർ നിർദ്ദേശം അനുസരിച്ചും സമയബന്ധിതമായി നടത്തിയ പരിശ്രമവും പാലക്കാട് അസി.ഡവലപ്പ്മെന്റ് കമ്മീഷണറുടെ നിരന്തരമായ ഇടപെടലും ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പ്രത്യേക താൽപ്പര്യവും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെയും ബ്ളോക്ക് പഞ്ചായത്ത് ഓഫീസിലെയും ഉദ്യോഗസ്ഥരുടെ പൂർണ്ണമായ സഹകരണവും ഈ മുന്നേറ്റത്തിന് ആക്കം കൂട്ടി എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്.

പ്രസിഡന്റ്

ജീവനക്കാർ

വികസനപന്ഥാവിൽ മുന്നേറി

മാത്തുക്കുട്ടി ഈപ്പൻ
പ്രസിഡന്റ്

ആലപ്പുഴ ജില്ലയിൽ വൈവിധ്യമാർന്ന ഭൂപ്രകൃതിയാലും സംസ്കൃതിയാലും സമ്പന്നമായ കുട്ടനാട്ടിൽ പാടശേഖരങ്ങളും കൃഷിഭൂമിയും നിരവധി തോടുകളും ഉൾപ്പെടെ വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്നതാണ് മുട്ടാർ ഗ്രാമപഞ്ചായത്ത്. മണിമലയാറിന്റെ മണിമുറ്റത്താണ് മുട്ടാർ മിത്രക്കരി പ്രദേശങ്ങൾ ചേർന്ന ഗ്രാമം.

മുട്ടാർ ഗ്രാമപഞ്ചായത്തിന്റെ മുൻ പദ്ധതി കാലയളവിലെ വികസനമേഖലയുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി സാധ്യമായ വികസന പ്രവർത്തനങ്ങളിലൂടെ പദ്ധതിയെ പൂർണ്ണതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ അന്തിമപദ്ധതി രേഖ തയ്യാറാക്കുകയും പദ്ധതികളുടെ അംഗീകാരം ആദ്യഘട്ടത്തിൽത്തന്നെ നേടാൻ കഴിയുകയും ചെയ്തിട്ടുണ്ട്. താരതമ്യേന അവികസിതവും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നതുമായ മുട്ടാർ ഗ്രാമപഞ്ചായത്തിന് 2017-

ഭരണസമിതി

ആറിന്റെ നിറവ്

പ്രസിഡന്റ്

18 വർഷത്തിൽ ലോകബാങ്ക് അനുവദിച്ച 2 കോടി രൂപ വിനിയോഗിച്ച് 2 പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന മുളവനക്കരി ബണ്ട് റോഡും പാലവും കൃഷി മുഖ്യ ഉപജീവന മാർഗ്ഗമായ കർഷകന്റെയും കർഷക തൊഴിലാളികളുടെയും ചിരകാലാഭിലാഷമായ കൃഷിഭവൻ കെട്ടിടവും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചു എന്നതാണ് പ്രധാന നേട്ടം.

പട്ടികജാതി കുടുംബങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വീട് വാസയോഗ്യമാക്കൽ, വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, വൃദ്ധർക്ക് കട്ടിൽ എന്നീ വ്യക്തിഗത ആനുകൂല്യങ്ങളും നല്കി. പൊതുവായി പട്ടികജാതി കോളനിയിൽ സോളാർ, ശ്മശാനം കല്ലറ കെട്ടി നവീകരണം എന്നിവ ചെയ്തുകൊണ്ട് ഈ മേഖലയുടെ ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാൻ സാധിച്ചു. അതോടൊപ്പം തന്നെ ജനറൽ മേഖലയിൽ വ്യക്തിഗത ആനുകൂല്യങ്ങളും പൊതുമരാമത്ത് പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിച്ചു. പദ്ധതി നിർവ്വഹണത്തിൽ ഗുണഭോക്തൃലിസ്റ്റുകൾ തയ്യാറാകുന്നതിനും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നല്കിയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ബൈജു കെ ആറുപറ, സെക്രട്ടറി അനീഷ ബീഗം എന്നിവർ കൃത്യമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സുതാര്യത ഉറപ്പുവരുത്തുവാൻ പ്രയത്നിച്ച ഭരണസമിതി അംഗങ്ങളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും വിദഗ്ധ സമിതി അംഗങ്ങളുടെയും സേവനം നന്ദിപൂർവ്വം സ്മരിക്കുന്നു.

കാർഷിക ഗ്രാമമായതുകൊണ്ടു തന്നെ കാർഷികമേഖലയ്ക്കും വനിത ഘടകപദ്ധതിക്കും മുൻതൂക്കം നല്കിക്കൊണ്ട് 2018-19 വാർഷിക പദ്ധതി മാർച്ച് 14 ന് കൂടിയ ആദ്യ ആസൂത്രണസമിതി യോഗത്തിൽ തന്നെ അംഗീകാരം വാങ്ങിക്കഴിഞ്ഞു. ഈ പദ്ധതികൾ 100 ശതമാനം പൂർണ്ണതയിൽ എത്തിച്ച് ലക്ഷ്യപ്രാപ്തി നിറവേറ്റുന്നതിനുവേണ്ടി സത്വര നടപടികൾ ഭരണസമിതി ആരംഭിച്ചുകഴിഞ്ഞു. പദ്ധതി തയ്യാറാക്കുന്നതിനും പൂർത്തീകരണത്തിനും സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

ജീവനക്കാർ

കൂട്ടായ പ്രയത്നം നല്കിയ വിജയം

സതി വിജയൻ
പ്രസിഡന്റ്

പ്രസിഡന്റ്

2017-18 വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവിന്റെ കാര്യത്തിൽ കേരളം വളരെയധികം പുരോഗതി കൈവരിച്ചിരിക്കുന്നതിൽ കേരളത്തിലെ ഓരോ പഞ്ചായത്തും ഓരോ ജീവനക്കാരനും വളരെയധികം ആത്മാഭിമാനം കൈകൊള്ളുന്നു. സർക്കാരിന്റെയും വകുപ്പുകളുടെയും മിഷനുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൃത്യമായ അടുക്കും ചിട്ടയുമുള്ള ഐക്യപ്രവർത്തനങ്ങളുടെ ആകെ ഫലമാണ് ഇപ്പോൾ കണ്ടത്. അതിൽ ഇതുപോലൊരു വിജയം കൈവരിക്കുവാൻ തലനാട് ഗ്രാമപഞ്ചായത്തിനു സാധിച്ചത് ചരിത്രനേട്ടമായി. ആകെ

ഭരണസമിതി

2835 വീട്ടുകൾ മാത്രമുള്ള, കോട്ടയം ജില്ല യിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ വാഗമൺ, ഇലവീഴപൂഞ്ചിറ എന്നിവയ്ക്ക് അടുത്ത് സ്ഥിതി ചെയ്യുന്ന അതിമനോഹ രമായ പ്രകൃതി ദൃശ്യങ്ങളും ആകർഷ ണീയമായ വെള്ളചാട്ടങ്ങളും മറ്റ് വിനോ ദസഞ്ചാര സ്ഥലങ്ങളും നിറഞ്ഞ മലയോര പ്രദേശത്ത് സ്ഥിതി ചെയ്യുന്ന തലനാട് പഞ്ചായത്ത് തനത് വരുമാന ത്തിൽ വളരെ പിന്നോക്കം നില്ക്കുന്നു. പ്ര സിഡന്റ്, പഞ്ചായത്ത് അംഗങ്ങൾ, സെ ക്രട്ടറി മറ്റ് ജീവനക്കാർ, പഞ്ചായത്തിലെ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവ രുടെ കൂട്ടായ പ്രയത്നമാണ് ഇത്രയും വലിയൊരു വിജയം കൈവരിക്കുന്നതി ന് കാരണമായത്. തുടർന്ന് വരുന്ന വർ ഷങ്ങളിലും 100 ശതമാനം പദ്ധതി ചെലവ് കൈവരിക്കുന്നതിന് വേണ്ട പ്ര യത്നം ഇപ്പോഴെ ആരംഭിച്ചുകഴിഞ്ഞി രിക്കുന്നു.

ജീവനക്കാർ

നിർവ്വഹണത്തിലെ മികവ്

സഖറിയ വർഗീസ്
പ്രസിഡന്റ്

പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനാൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനത്തും ജില്ലാ തലത്തിൽ ഒന്നാം സ്ഥാനത്തും എത്തിയ പഞ്ചായത്താണ് തുമ്പമൺ. തുമ്പമണിന് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത് പ്രധാനമായും സ്പിൽഓവർ പദ്ധതികളുടെ പൂർത്തീകരണം 2017 ഡിസംബറോടുകൂടി തന്നെ പൂർത്തീകരിക്കുവാൻ കഴിഞ്ഞു എന്നതു കൊണ്ടാണ്. അതുമൂലം അടുത്ത മൂന്ന് മാസങ്ങളിൽ പുതിയ പ്രവൃത്തികൾ നടപ്പാക്കുന്നതിൽ കൂടുതലായി ശ്രദ്ധിക്കുവാൻ കഴിഞ്ഞു. മാസത്തിൽ രണ്ട് തവണവീതം നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുകയും വ്യക്തിഗത ഗുണഭോക്താക്കളുടെ എണ്ണം

ഭരണസമിതി

പ്രസിഡന്റ്

കുറവുള്ളവയുടെ തുക മാറ്റി പകരം ഗുണഭോക്താക്കൾ കൂടുതലുള്ള പദ്ധതികളിലേക്ക് മാറ്റുന്നതിന് ആസൂത്രണ സമിതിയുടെ അംഗീകാരം നേടുന്നതിന് സാധിക്കുകയും ചെയ്തു.

2017-18 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് തരിശായി കിടന്ന നിലങ്ങളും പുരയിടങ്ങളും ഏറ്റെടുത്ത് കർഷക ഗ്രൂപ്പുകൾക്ക് നൽകി സ്ഥലം വൃത്തിയാക്കുകയും പദ്ധതിതുക ഉപയോഗിച്ച് വിത്ത്, വളം, കീടനാശിനി ഇവ നൽകുകയും കൂലിച്ചെലവ് സബ്സിഡിയായി നൽകുകയും ചെയ്തു കൊണ്ട് നെൽകൃഷി, പച്ചക്കറികൃഷി, ഏത്ത വാഴകൃഷി എന്നിവ പൊതുമേഖലയിലും പട്ടികജാതി മേഖലയിലും നടപ്പിലാക്കി.സ്വയംതൊഴിൽ കണ്ടെത്തുന്നതിൻെറ ഭാഗമായി ഓട്ടോറിക്ഷ, പിക് അപ് വാൻ, കൈത്തൊഴിലുകൾ പരമ്പരാഗതമായി ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട ധനസഹായം എന്നിവ നൽകി. വിദ്യാഭ്യാസ മേഖലയിൽ സ്കൂൾ കുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്തു. അതോടൊപ്പം മേശയും കസേരകളും പഠനസൗകര്യത്തിനായി വിതരണം ചെയ്തു. ഗവ.എൽ.പി. സ്കൂളിൽ സ്മാർട് ക്ളാസ് റൂം നിർമ്മിച്ച് സ്കൂൾ കെട്ടിടം നവീകരിച്ചു.ഗവ. യു.പി സ്കൂളിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചു.

പട്ടികജാതി ഗുണഭോക്താക്കളുടെ ഗുണഭോക്തൃസംഗമം വിളിച്ച് ചേർത്ത് അനുബന്ധരേഖകൾ അടിയന്തരമായി ശേഖരിച്ച് നിർവ്വഹണം നടത്തുകവഴി പട്ടികജാതി ഫണ്ട് വിനിയോഗം പൂർണ്ണമാക്കി.

2018-19 വർഷത്തെ പദ്ധതി രൂപീകരണം പൂർത്തിയാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം മാർച്ച് 28 ന് നേടിയെടുത്തുവെന്നതും പ്രത്യേകം പ്രസ്താവ്യമാണ്. തരിശായി കിടക്കുന്ന നെൽപ്പാടങ്ങളും പുരയിടങ്ങളും കുടുംബശ്രീയുടെയും കർഷകരുടെയും നേതൃത്വത്തിൽ ഏറ്റെടുത്ത് കൃഷി ചെയ്യൽ, ക്ഷീര കർഷകരെ സഹായിക്കുക, സേവനങ്ങളുടെ കാര്യക്ഷമത, വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ സേവനങ്ങൾ നേരത്തെ നൽകൽ, സ്ഥലമില്ലാത്ത മൂന്ന് അങ്കണവാടി കെട്ടിടങ്ങൾക്ക് സ്ഥലം കണ്ടെത്തി പുതിയ കെട്ടിടം നിർമ്മിക്കൽ, ഭൂരഹിതഭവനരഹിതർക്ക് വീടും സ്ഥലവും നൽകൽ, കലാ കായിക ഇനങ്ങളിൽ മെച്ചപ്പെട്ട പദ്ധതി തയ്യാറാക്കൽ, എല്ലാവർക്കും കുടിവെള്ളം, ആരോഗ്യ സംരക്ഷണം ഉറപ്പാക്കൽ, സംരംഭങ്ങൾ ആരംഭിക്കൽ, മാലിന്യശേഖരണം, പ്ളാസ്റ്റിക് മുക്ത ഗ്രാമപഞ്ചായത്ത്, എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന നിലയിൽ മാലിന്യ സംസ്കരണത്തിനുള്ള നടപടികൾ എന്നിവ വരും വർഷ പദ്ധതി പ്രവർത്തനങ്ങളിൽ പ്രായോഗിക സമീപനങ്ങളായി സ്വീകരിച്ചിട്ടുണ്ട്.

ജീവനക്കാർ

ദീർഘവീക്ഷണം ഫലപ്പെട്ടു

ബിനു കെ.
പ്രസിഡന്റ്

ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം ഇവയുടെ തിക്തഫലങ്ങൾ അനുഭവിക്കുന്ന ഒരു ജനതയ്ക്ക് ആശ്വാസം പകരുന്ന വിവിധ പദ്ധതികൾ വിഭാവനം ചെയ്യുവാനും അവ ഫലപ്രദമായി നടപ്പിലാക്കാനും 2017-18 വാർഷിക പദ്ധതി കാലയളവിൽ കഴിഞ്ഞത് മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന് നേട്ടമായികാണുന്നു.ഗ്രാമപഞ്ചായത്തിന് ലോകബാങ്ക് ധനസഹായമായി ലഭിച്ച 2 കോടി രൂപ വിനിയോഗിച്ച് ഗവ.എൽ. പി. സ്കൂൾ, കൃഷി ഭവൻ, ആയുർവ്വേദ ആശുപത്രി എന്നിവയ്ക്ക് പുതിയ കെട്ടിടങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനും കഴിഞ്ഞ പദ്ധതി കാലയളവിൽ സാധിച്ചു.

പട്ടികജാതിക്കാരുടെ വികസനത്തിന വേണ്ടി പ്രത്യേകം ഗ്രാമസഭകൾ വിളിച്ചുകൂട്ടുകയും അവിടെ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, സൈക്കിൾ, പഠനമുറി എന്നീ പദ്ധതികൾ നടപ്പിലാക്കി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുവാനും ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി വഴി കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും കഴിഞ്ഞു. ഇപ്രകാരം പട്ടികജാതി മേഖലയിൽ വിവിധ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക വഴി എസ്.സി.പി ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കാൻ പഞ്ചായത്ത് ഭരണസമിതിയുടെ ദീർഘവീക്ഷണത്തോടു കൂടിയ ഇടപെടലുകളും കൂട്ടായ പ്രവർത്തനങ്ങളും വളരെയധികം സഹായിച്ചിട്ടുണ്ട്.

2018-19 പദ്ധതി കാലയളവിൽ പഞ്ചായത്തിന്റെ സമസ്ത മേഖലയിലെയും സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനംമൂലം നെൽകൃഷി നശിച്ച് പോയതിനാൽ പരിസ്ഥിതിക്ക് അനുയോജ്യമായ നെൽകൃഷി വികസനവും ഒപ്പം മത്സ്യകൃഷിയും സം

ജീവനക്കാർ

യോജിപ്പിച്ച് കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന സംയോജിത മത്സ്യ നെൽകൃഷി വ്യത്യസ്തമായ ഒരു പദ്ധതിയാണ്. ആരോഗ്യ മേഖലയിൽ നടപ്പിലാക്കുന്ന മരുന്ന് രഹിത ജീവിതശൈലി രോഗ നിയന്ത്രണം എന്ന പദ്ധതി വഴി ജിംനേഷ്യം/യോഗ സെന്റർ സ്ഥാപിക്കലും സ്കൂൾ കുട്ടികളുടെ കായികക്ഷമതയ്ക്കും മാനസിക ഉല്ലാസത്തിനും വേണ്ടി സ്കൂൾ കുട്ടികൾക്ക് കനോയിംഗ് കയാക്കിംഗ് പരിശീലനം നല്കലും നടപ്പിലാക്കാനുദ്ദേശിക്കുന്നു. പരിസ്ഥിതിക്ക് ഇണങ്ങുന്ന ഒരു ഭവനം നിർമ്മിച്ച് നല്കുക എന്ന ലക്ഷ്യത്തോടെ പരിസ്ഥിതി സൗഹൃദ ഭവനം എന്ന പദ്ധതിയും രൂപീകരിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ അനന്തമായ ടൂറിസം - കാർഷിക - മത്സ്യ മേഖലകളുടെ സമഗ്ര സംയോജന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി ഈ മേഖലകളുടെ സമഗ്ര വികസനം സാധ്യമാക്കുന്നതിന് വേണ്ടി സംയോജിത സമഗ്ര പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ എന്ന പദ്ധതിയും പ്രവർത്തനമേഖലയിലുണ്ട്. മത്സ്യകുളങ്ങളിൽ സംരക്ഷണ ക്യാമറ തുടങ്ങിയ നൂതനപദ്ധതികൾ ഉൾപ്പെടെ പഞ്ചായത്തിലെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് 2018-19 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ചിരിക്കുന്നത്.കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം മൺറോതുരുത്ത് പഞ്ചായത്തിന് അഭിമാനമായി 100% നികുതി പിരിവ് കൈവരിക്കാനും കഴിഞ്ഞത് ഇരട്ടി മധുരം നല്കുന്നു. ഒരു പ്രോസിക്യൂഷൻ നോട്ടീസ് പോലും നല്കാതെയാണ് മുഴുവൻ നികുതിയും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളത് എന്ന വസ്തുത വളരെ സന്തോഷപ്രദമാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷം 1,30,00,000/- (ഒരു കോടി മുപ്പത് ലക്ഷം) രൂപ ചെലവഴിക്കാൻ സാധിച്ചു. ഏകദേശം 10 കി.മീ റോളം കയർ ഭൂവസ്ത്രം ഉപയോഗിച്ച് തോടുകൾക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും കൂടാതെ 224 മീറ്ററോളം കോൺക്രീറ്റ് നടപ്പാതകൾ നിർമ്മി ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ഭരണസമിതി

നേട്ടം കൃത്യതയുടെ ഫലം

വർഷ രാജേഷ്
പ്രസിഡന്റ്

പൂമംഗലം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി നൂറുശതമാനം ചെലവഴിക്കുന്നതിന് ചിട്ടയായ പ്രവർത്തനങ്ങളാണ് നടത്തിയത്. ആസൂത്രണ സമിതി അംഗീകാരവും വെറ്റിംങ്ങും കഴിഞ്ഞതിനുശേഷം ഡെപ്പോസിറ്റ് പ്രവർത്തികൾ നടപ്പാക്കി. അതിനുശേഷം ഗ്രാമസഭകൾ ചേരുകയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഗുണഭോക്തൃലിസ്റ്റ് യഥാസമയം തന്നെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കുകയും ചെയ്തു.

ശേഷം ഓരോ പ്രൊജക്റ്റിന്റെയും ഗുണഭോക്താക്കളുടെ മീറ്റിംഗ് അതാത് സ്റ്റാന്റിംങ് കമ്മിറ്റികളുടെ നേതൃത്വത്തിൽ പ്രത്യേകം വിളിച്ചു ചേർത്ത് പ്രൊജക്റ്റ് സംബന്ധമായ കൃത്യമായ വിവരങ്ങൾ ഗുണഭോക്താക്കൾക്ക് നല്കി.

പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിൽ ഏറ്റവും പ്രധാന പങ്കുവഹിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുമായി സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ നിരന്തരം ബന്ധപ്പെടുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ മീറ്റിംഗുകൾ എല്ലാ മാസവും ചേർന്ന് പ്രൊജക്റ്റ് പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തുകയും വീഴ്ചകളും കുറവുകളും കണ്ടറിഞ്ഞ് അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ഗുണഭോക്താക്കളുമായുള്ള നിരന്തര സമ്പർക്കം മൂലം ഭവന നിർമ്മാണം, മേൽക്കൂര മാറ്റൽ, വീട് വാസയോഗ്യമാക്കൽ മുതലായ പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിച്ചു. സാങ്കേതികാനുമതി ആവശ്യമായിട്ടുള്ള പ്രൊജക്റ്റുകളിൽ അത് ലഭിച്ചതിനുശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരുടെ യോഗം വിളിച്ചു ചേർത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തു. നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭരണസമിതിയുടെയും നിരന്തരമായ ഇടപെടലുകൾ മൂലമാണ് പ്രൊജക്റ്റുകൾ കാര്യക്ഷമവും സമയബന്ധിതവുമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞത്.

ഓരോ സാമ്പത്തികവർഷവും അവസാനിച്ച ശേഷം പദ്ധതി പൂർത്തീകരണത്തിനായി പ്രവർത്തിച്ച എല്ലാ ജീവനക്കാരുടെയും ഒരു യോഗം പഞ്ചായത്ത് ഓഫീസിൽ ചേരുകയും പഞ്ചായത്ത് ഭരണസമിതി അവരെ അനുമോദിക്കുകയും ചെയ്യുന്നു. ഈ യോഗം വരും വർഷങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രചോദനമേകുന്നു.

പൂമംഗലം ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 100 % നികുതി പിരിവ് ലക്ഷ്യം വെച്ച് സെപ്തംബർ മാസത്തിൽ തന്നെ പഞ്ചായത്തിലെ എല്ലാ കെട്ടിട ഉടമകൾക്കും ഡിമാന്റ്

ഭരണസമിതി

പ്രസിഡന്റ്

നോട്ടീസ് നല്കി. ഇതിനായി കുടുംബശ്രീയുടെ പ്രവർത്തനം പൂർണ്ണമായും ഉപയോഗപ്പെടുത്തി. തുടർന്ന് എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ സംബന്ധമായ നോട്ടീസ് വിതരണം ചെയ്യുകയും പൊതുജനങ്ങളുടെ അറിവിലേക്കായി മൈക്ക് അനൗൺസ്മെന്റ് നടത്തുകയും ചെയ്തു. പിന്നീട് എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ സംഘടിപ്പിക്കുകയുണ്ടായി. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ നികുതി അടയ്ക്കുവാൻ ബാക്കിയുള്ള എല്ലാ കെട്ടിട ഉടമകളെയും സമീപിച്ച് നികുതി അടവാക്കുന്നതിന് അഭ്യർത്ഥന നല്കുകയും 50 മുതൽ 100 വീടുകൾ കേന്ദ്രീകരിച്ച് വീണ്ടും ക്യാമ്പ് കളക്ഷൻ നടത്തുകയുമുണ്ടായി. ഗ്രാമസഭകളിലും പൊതുപരിപാടികളിലും ഞായറാഴ്ചകളിൽ പള്ളികളിലും സ്കൂളുകളിലും നികുതി അടവാക്കുന്നതിനുള്ള അറിയിപ്പുകൾ നൽകുകയുമുണ്ടായി. തുടർന്ന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേർന്നു പഞ്ചായത്ത് കമ്മിറ്റി ചേരുന്ന വേളകളിലും നികുതി പിരിവ് വിലയിരുത്തുകയും ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുകയുണ്ടായി. കൂടാതെ പഞ്ചായത്തിൽ ജീവനക്കാരുടെ യോഗം ചേർന്ന് നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുവേണ്ട നടപടികൾ എടുക്കുന്നതിന് തീരുമാനിച്ചു. അടഞ്ഞുകിടക്കുന്ന വീട്ടുകാരുടെ ഫോൺ നമ്പറുകൾ ശേഖരിച്ച് അവരുമായി ബന്ധപ്പെടുകയും ചെയ്തു. അതിനെല്ലാം ഭരണസമിതിയുടെ പൂർണ്ണമായ പിന്തുണ ലഭിച്ചിരുന്നു. ടവറുകൾക്ക് സെപ്റ്റംബർ മാസത്തിൽ തന്നെ ഡിമാന്റ് നോട്ടീസ് നല്കുകയും അവരെ ഫോണിലൂടെ നിരന്തരമായി ബന്ധപ്പെടുകയും ചെയ്തു. അതിന്റെ ഫലമായി ജനവരി 31 ന് തന്നെ നികുതി പിരിവ് പൂർത്തീകരിക്കുവാൻ സാധിച്ചു.

ജീവനക്കാർ

പട്ടുവം ഒരു വിജയഗാഥ

ആനക്കീൽ ചന്ദ്രൻ
പ്രസിഡന്റ്

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ് പട്ടുവം ഗ്രാമപഞ്ചായത്ത്. 1979 ലാണ് തളിപ്പറമ്പ് പഞ്ചായത്തിന്റെ ഭാഗമായിരുന്ന പട്ടുവം ഗ്രാമം പട്ടുവം പഞ്ചായത്തായി രൂപം കൊണ്ടത്. 16.85 ച.കി.മീ. മാത്രം വിസ്തീർണ്ണമുള്ള പട്ടുവം പഞ്ചായത്തിന്റെ കിഴക്കു ഭാഗം തളിപ്പറമ്പ് മുൻസിപ്പാലിറ്റിയും വടക്ക് കുപ്പം പുഴയുംതെക്ക് വെള്ളിക്കീൽ പുഴയും പടിഞ്ഞാറ് ഈ രണ്ട് പുഴകളും ചേർന്ന പഴയങ്ങാടി പുഴയുടെ ഭാഗവുമാണ്. പുഴകളിൽ ഉപ്പ് വെള്ളമായതിനാൽ കൃഷിയിടങ്ങളിലും കുടിവെള്ള സ്രോതസ്സ

ഭരണസമിതിയും ജീവനക്കാരും

പ്രസിഡന്റ്

കളിലും ഉപ്പുവെള്ളം കയറുന്നത് ഇവിടുത്തെ പ്രധാന പ്രശ്നമാണ്.

2017-18 പദ്ധതി വർഷം ആരംഭം മുതൽ തന്നെ ഭരണസമിതിയംഗങ്ങളുടെയും നിർവഹണോദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് മുൻവർഷത്തെ പോരായ്മയിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, അവ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിക്കുകയും അവ കൂട്ടുത്തരവാദിത്തത്തോടെ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുകയും ചെയ്തു. കൂടാതെ പദ്ധതി പ്രവർത്തനങ്ങളുടെ മേൽനോട്ടവും അവലോകനവും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ കൃത്യമായും നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നിർവഹണോദ്യോഗസ്ഥർക്ക് യഥാസമയം നൽകുകയും ചെയ്തു. ഇപ്രകാരം ഭരണസമിതിയുടെയും നിർവഹണോദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും കൂട്ടായ പരിശ്രമത്തിലൂടെ ലഭ്യമായിട്ടുള്ള തുക മികച്ച രീതിയിൽ ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ വിജയകരമാക്കി ഗ്രാമപഞ്ചായത്തിനെ മുൻനിരയിൽ എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2017-18 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനുമുകളിൽ ലോകബാങ്ക് ധനസഹായത്തോടെ 15 kw സ്ഥാപിതശേഷി ഉള്ള സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിച്ച് കെ.എസ്.ഇ.ബിക്ക് നൽകി വരുന്നുണ്ട്. കൂടാതെ ആയുർവേദ ഡിസ്പെൻസറിക്കായി ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടം, കുത്താട്ട് മോഡൽ അങ്കണവാടി കെട്ടിടം, മാർക്കറ്റിംഗ് സെന്റർ കെട്ടിടം എന്നിവയും നിർമ്മിച്ചിട്ടുണ്ട്.. ഗ്രാമ പഞ്ചായത്തിന്റെ വിവിധ പദ്ധതികളിലായി പൂർത്തിയാകാതിരുന്ന എല്ലാ വീടുകളും ലൈഫ് പദ്ധതിയിലുൾപ്പെടുത്തി മാർച്ച് ആദ്യവാരം തന്നെ പൂർത്തീകരിക്കുന്നതിന് സാധിച്ചു. 2017-18 സാമ്പത്തികവർഷത്തിൽ നികുതികളും ഫീസുകളും പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ കാർഷികമേഖലയ്ക്കും ലൈഫ് പദ്ധതിക്കും ഊന്നൽ നൽകിയാണ് പദ്ധതികൾ രൂപീകരിച്ചിട്ടുള്ളത്. തരിശായികിടന്നിരുന്ന 45 ഹെക്ടർ കൈപ്പാട് ഭൂമിയുൾപ്പെടെ 237 ഹെക്ടറിൽ നെല്ലുൽപാദനം നടത്തുന്നതോടെ ഭക്ഷ്യ സ്വയം പര്യാപ്തതയിലേക്ക് ഈ പഞ്ചായത്തിനെ എത്തിക്കുക എന്നതാണ് ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്തിട്ടുള്ളത്.

ജീവനക്കാർ

ഭരണസമിതി

ആരോഗ്യസുരക്ഷയ്ക്ക് മുൻഗണന

എം.ടി. അബ്ദുൾ ജബ്ബാർ
പ്രസിഡന്റ്

വലിയപറമ്പ ഗ്രാമ പഞ്ചായത്തിലെ 2017-18 വർഷത്തെ പദ്ധതി സർക്കാറിന്റെ നിർദ്ദേശ പ്രകാരം 2017 ജൂൺ 9ന് ചേർന്ന ഡി.പി.സി യോഗം അംഗീകരിക്കുകയും പഞ്ചായത്തിന്റെ വാർഷിക പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തന കലണ്ടർ 2017 സെപ്തംബർ 9 ന് തയ്യാറാക്കുകയും ചെയ്തിരുന്നു. ഇംപ്ലിമെന്റിംഗ് ഓഫീസർമാരെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ വിളിച്ച് ഓരോ പദ്ധതിയുടേയും പ്രവർത്തനം അവലോകനം നടത്തുകയും തുടർ പ്രവർത്തനം സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയുണ്ടായിരുന്നു.

ഭരണസമിതി

കാസർഗോഡ് ജില്ലയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നായ വലിയപറമ്പ ഗ്രാമ പഞ്ചായത്തിൽ അടിസ്ഥാന വികസനം ഒരുക്കുന്നതിനു വേണ്ടിയും പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടിയും പ്രൈമറി ഹെൽത്ത് സെന്ററിലെ അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിന് ലോക ബാങ്ക് ധനസഹായം ഉപയോഗിച്ച് പി.എച്ച്.സി കോമ്പൗണ്ടിൽ ആധുനിക ലാബ് സൗകര്യത്തോടു കൂടിയുള്ള പുതിയ കെട്ടിടം നി

ർമ്മിക്കുകയും അനുബന്ധ സാധന സാമഗ്രികൾ വാങ്ങുകയും ചെയ്തു. പഞ്ചായത്തിൽ ശാരീരിക-മാനസിക വെല്ലുവിളികൾ അനുഭവിക്കുന്നവർ ഏറെയുള്ളതിനാൽ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി കെട്ടിടം പണി കഴിപ്പിച്ചും അതിനുവേണ്ടി 72,14,885 തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക പദ്ധതി 2018 മാർച്ച് 26 ന് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 2018-19 വർഷം 81 പദ്ധതികളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 വർഷം പഞ്ചായത്തിന്റെ പദ്ധതി വിഹിതമായി 1,39,57,000 തുക മാത്രമായതിനാൽ നൂതന പദ്ധതികളായി ഒന്നുംതന്നെ ഉൾകൊള്ളിക്കാൻ സാധിച്ചിട്ടില്ല.

ജീവനക്കാർ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2017-18 വർഷം കയർ ഭൂവസ്ത്രം ഉപയോഗിച്ച് 14,15,984 രൂപ ചെലവിൽ മെറ്റീരിയൽ കോംപോണന്റ് വർക്കായി ബണ്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കായലിനാലും കടലിനാലും ചുറ്റപ്പെട്ട പഞ്ചായത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് 8766 ച.മീ സ്ക്വയർ ബണ്ട് നിർമ്മാണം ഈ വർഷം പൂർത്തീകരിച്ചിട്ടുണ്ട്. കയർ ഭൂവസ്ത്ര പ്രവൃത്തിയിൽ മാത്രം 3080 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

സമസ്തമേഖലകളും സ്പർശിച്ച്

ലിയാക്കത്ത് അലിക്കുഞ്ഞ്
പ്രസിഡന്റ്

ഭരണസമിതി

പത്തനംതിട്ട ജില്ലയുടെ തെക്ക് കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന കോട്ടയം ജില്ലയുമായി അതിരു പങ്കിടുന്ന ഒരു കൊച്ചു ഗ്രാമമാണ് ആനിക്കാട്. വികസനത്തിലേക്ക് കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന ഈ ഗ്രാമം നേരിടുന്ന രണ്ടു പ്രധാന പ്രശ്നങ്ങളാണ് യാത്രാക്ലേശവും കുടിവെള്ളക്ഷാമവും. സർക്കാർ ഗ്രാമീണ ശുദ്ധജലപദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സഹകരണത്തോടെ 36 കോടി രൂപ മുതൽമുടക്കി സമ്പൂർണ്ണ കുടിവെള്ള പദ്ധതി ഈ പഞ്ചായത്തിൽ പൂർത്തീകരിച്ചുകൊ ണ്ടിരിക്കുന്നു. 19.5 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ 13 വാർഡുകളാണ് ഉള്ളത്.

2017-18 വർഷം പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് ലോകബാങ്ക് സഹായത്തോടെ സർക്കാർ അനുവദിച്ച 2 കോടി രൂപ ചെലവഴിച്ച് പുതുതായി നിർമ്മിച്ച പ്രാഥമികാരോ ഗ്യകേന്ദ്രത്തിന്റെ കെട്ടിടം ഈ പഞ്ചായത്തിന്റെ അഭിമാനസ്തംഭമായി നിലകൊള്ളുന്നു. ഈ പഞ്ചായത്തിന്റെ പദ്ധതിപ്രവർത്തനങ്ങളിൽ കാർഷികമേഖലയ്ക്കും മൃഗസംരക്ഷണ മേഖലയ്ക്കും ക്ഷേമപ്രവർത്തനങ്ങൾക്കും പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. അന്യം നിന്നു പോകുന്ന നെൽകൃഷി പുനരുദ്ധരിച്ച് ഈ വർഷം പഞ്ചായത്ത്

ഗുണനിലവാരമുള്ള വിത്തുകൾ ഉപയോഗിച്ച് തരിശു നിലങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് നെൽകൃഷി പ്രോൽസാഹിപ്പിച്ചു. തുടർന്നുള്ള വർഷങ്ങളിലും നെൽകൃഷിക്ക് മുന്തിയ പരിഗണന നൽകി നെൽകൃഷിയെ പ്രോൽസാഹിപ്പിക്കുവാനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പാലിന് സബ്സിഡി, കാലിത്തീറ്റക്ക് സബ്സി ഡി, കന്നുകുട്ടി പരിപാലനം തുടങ്ങിയ മുൻകാല പദ്ധതികളും ഈ വർഷം തുടരുന്നതാണ്. 2018-19 സാമ്പത്തികവർഷം മൃഗസംരക്ഷണവകുപ്പുമായി സംയോജിപ്പിച്ചു കൊണ്ട് മൃഗങ്ങളിൽ ചിപ്പ് ഘടിപ്പിക്കുന്ന നൂതന പ്രോജക്ട് ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലൂടെ ഉല്പാദനമേഖലയിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സാധിക്കും.

വാർഡ് തലത്തിൽ ഊരുകൂട്ടങ്ങൾ വിളിച്ചുകൂട്ടി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനാവശ്യമായ കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്യുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഗാർഹിക വാട്ടർ കണക്ഷൻ നൽകിയും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി പ്രത്യേകമായി അവരവരുടെ മേഖലയിൽ യോഗം വിളിച്ചുകൂട്ടി അവരുടെ ബുദ്ധിമുട്ടുകൾ മനസിലാക്കി പ്രദേശത്തിനും ഈ വിഭാഗത്തിൽ പെട്ടവരുടെ ക്ഷേമത്തിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ചും കൃത്യമായ മോണിട്ടറിംഗിന് വിധേയമായും പരാതി രഹിതമായുള്ള നിർവഹണം നടത്തിയും പദ്ധതികൾ എല്ലാം തന്നെ നടപ്പിലാക്കിയാണ് ഈ മേഖലയിൽ ലക്ഷ്യം കൈവരിച്ചത്.

പാർപ്പിടമേഖലയിൽ ഏറെ നേട്ടങ്ങൾ കൈവരിക്കുവാൻ ആനിക്കാട് ഗ്രാമപഞ്ചായത്തിന് സാധിച്ചു. ലൈഫ് പാർപ്പിട പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ വീടുകളും ഈ വർഷത്തിൽ തന്നെ നിർ

വിജയത്തിനു പിന്നിൽ ക്രിയാത്മകത

പ്രസാദ് കുമാർ എൻ.
പ്രസിഡൻറ്

പദ്ധതി നിർവ്വഹണത്തിൽ ക്രിയാത്മകമായ ഇടപെടലുകളിലൂടെ തുടർച്ചയായി മികച്ച ചെലവു ശതമാനവും ഉപയുക്തതയും കൈവരിക്കുവാൻ കഴിഞ്ഞതിന്റെ നിർവൃതിയിലാണ് ആലപ്പുഴ ജില്ലയിലെ വീയപുരം ഗ്രാമപഞ്ചായത്ത്. തുടർച്ചയായി പദ്ധതി വിനിയോഗം നൂറുശതമാനത്തിനടുത്ത് ചെലവഴിച്ചു പോരുന്നു. 2017-18 ലും പദ്ധതി നിർവ്വഹണവും നികുതി പിരിവും കാര്യക്ഷമമായി നടത്തി സംസ്ഥാനത്തെ പഞ്ചായത്തുകളിൽ മുൻനിരയിലെത്തുവാൻ കഴിഞ്ഞു.

നവകേരള മിഷന്റെ ഭാഗമായി ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയിലുൾപ്പെടുത്തി പുതുതായി ഒന്നരക്കോടി രൂപ ചെലവിൽ ലോകബാങ്ക് സഹായത്തോടെ ആശുപത്രി കെട്ടിടങ്ങൾ, സ്കൂൾ കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ചു. ഉത്പാദന മേഖലയിൽ കാർഷിക പ്രാധാന്യമുള്ള പഞ്ചായത്താകയാൽ നെൽകർഷകർക്കും പച്ചക്കറി കൃഷിക്കാർക്കും കൂലിചെലവ് ഇനത്തിൽ ഗണ്യമായ തുക സബ്സിഡിയായി നല്കുവാൻ സാധിച്ചു. ഇതിലൂടെ 2017 വർഷത്തിൽ കനത്ത കൃഷിനാശം മൂലമുണ്ടായ സാമ്പത്തിക ക്ലേശത്തിൽ നിന്നും കർഷകരെ ഒരു പരിധി വരെ മോചിപ്പിക്കുവാൻ കഴിഞ്ഞു. ഗ്രാമീണ മേഖലയിലെ വനിതകൾക്കായി ആടു വളർത്തൽ പദ്ധതി വിജയകരമായി നടപ്പിലാക്കി. പൊതു വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലുമുള്ള വ്യക്തികളുടെ ഭവന പുനരുദ്ധാരണം നടപ്പിലാക്കി പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിച്ചത് എടുത്ത പറയത്തക്ക നേട്ടമാണ്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും മുടങ്ങി കിടന്നതുമായ അഞ്ചു ആർ ഓ പ്ലാന്റുകൾ പ്രവർത്തന യോഗ്യമാക്കുവാനും സാധിച്ചു.

പദ്ധതി നിർവ്വഹണത്തിന്റെ ആരംഭം മുതൽ നിർവ്വഹണ പുരോഗതിയിൽ പഞ്ചായത്ത് എന്നും മുൻനിരയിൽ തന്നെയായിരുന്നു. നിർവ്വഹണ പുരോഗതി കൃത്യമായി മോണിട്ടറിങ്ങ് നടത്തിയതിലൂടെയാണ് ഇതു സാധ്യമായത്. രണ്ടാഴ്ചയിലൊരിക്കൽ ഓരോ പദ്ധതികളുടെയും നിർവ്വഹണത്തിന്റെ അവസ്ഥ കൃത്യമായി പരിശോധിക്കുകയും വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കുകയും ചെയ്തു പോന്നിരുന്നു. വ്യക്തമായ ഒരു നിർവ്വഹണ കലണ്ടർ ആദ്യമെ തന്നെ തയാറാക്കുകയും അതിനനുസൃതമായി കാര്യങ്ങൾ ക്രമപ്പെടുത്തുകയും ചെയ്തിരുന്നതിനാൽ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുവാൻ കഴിഞ്ഞു.

ടെൻഡർ സേവിങ്ങ്സ് ഉൾപ്പെടെയുള്ള സേവിങ്ങ്സ് തുകകൾ കൃത്യമായി പുതിയ പദ്ധതികളുടെ രൂപീകരണത്തിനും നടത്തിപ്പിനും ഉപയോഗിച്ചു. ഈ പദ്ധതികൾ സമയബന്ധിതമായി തന്നെ ഏറ്റെടുക്കുന്നതിനും നിഷ്കർഷത പുലർത്തി. ഗുണഭോക്താക്കളെ പരിപാടികളിലേക്ക് ആകർഷിക്കുന്നതിനായി എഗ്രിമെന്റ് മേളകൾ സംഘടിപ്പിച്ചു. ഓരോ പഞ്ചായത്ത് അംഗത്തിന്റെയും സജീവമായ ഇടപെടലുകൾ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ എന്നും മുതൽക്കൂട്ടായിരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ക്രിയാത്മകമായ സഹകരണം പദ്ധതിയുടെ നടത്തിപ്പിൽ പ്രത്യേകം എടുത്തു പറയത്തക്കതാണ്. ഗുണഭോക്താക്കളെ കൃത്യമായി പിന്തുടർന്ന് ആനുകൂല്യങ്ങൾ യഥാസമയത്ത് നല്കുന്നതിന് ഇവർ കാട്ടിയ ജാഗ്രത പ്രത്യേകം പ്രസ്താവ്യമാണ്.

വരുംവർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട ജനകീയ പങ്കാളിത്തമാണ് ലക്ഷ്യമിടുന്നത്. ഒപ്പം ഉല്പാദന വർദ്ധനവ്, വരുമാന വർദ്ധനവ് എന്നിവയും ഉന്നമാക്കുന്നുണ്ട്. ഇതിലേക്കായി ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ എല്ലാം തന്നെ വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയതാണ്. ഗുണഭോക്താക്കളുടെ എണ്ണം ഉൾപ്പെടെയുള്ള സൂക്ഷ്മ വിശദാംശങ്ങൾ പോലും പഠനങ്ങൾക്ക് വിധേയമാക്കിയാണ് ഏറ്റെടുത്തിരിക്കുന്നത്.

രജീഷ് തന്നെ ഹീറോ

ഇച്ഛാശക്തിയുള്ള മനസ്സുണ്ടെങ്കിൽ ഒരു പരിമിതിക്കും നമ്മെ കീഴ്പ്പെടുത്തുവാനാകില്ല എന്ന് തെളിയിക്കുകയാണ് കണ്ണൂർ ജില്ലയിലെ ഏരുവേശ്ശി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് രജീഷ് സി.കെ. ചെറുപ്പത്തിലെ പോളിയോ ബാധിച്ച് അരയ്ക്കു കീഴെ തളർച്ചയാൽ ക്രറ്റ്ച്ചസിന്റെ സഹായത്തിൽ മാത്രം നടക്കാനാവുന്ന രജീഷ് 3,45,053 കുടിശ്ശികയും 9,38,767 തനതാണ്ട് നികുതിയും ഉൾപ്പെടെ 12,83,820 രൂപ പിരിക്കുവാനുള്ള 1208 ഡിമാന്റുകളുള്ള പഞ്ചായത്തിലെ 9 - ാം വാർഡിൽ 100 % നികുതി പിരിച്ചാണ് പഞ്ചായത്ത് ജീവനക്കാർക്കിടയിലെ അഭിമാന താരമായത്.

2007 ഒക്ടോബർ 10ന് പഞ്ചായത്ത് സർവ്വീസിൽ പ്രവേശിച്ച രജീഷ് 2017 ആഗസ്റ്റ് 25 മുതലാണ് ഏരുവേശ്ശി ഗ്രാമപഞ്ചായത്തിൽ സേവനം ആരംഭിക്കുന്നത്.

എല്ലാ നികുതിദായകർക്കും യഥാസമയം ഡിമാന്റ് നോട്ടീസയച്ച്, ഭരണസമിതി അംഗങ്ങളിൽ നിന്നും വിവിധ സംഘടനകളിൽ നിന്നും (ഇടവക ഡയറക്ടറി മുതലായവ വഴി) നികുതിദായകരുടെ ഫോൺ നമ്പർ സംഘടിപ്പിച്ച് അവധി ദിവസങ്ങളുൾപ്പെടെ ഓഫീസിൽ ഇരുന്ന്, ഫോൺ വിളിച്ച് നികുതി ഒടുക്കുന്ന കാര്യം എല്ലാവരെയും ഓർമ്മിപ്പിക്കും. (പഞ്ചായത്തിലെ എല്ലാവാർഡുകളിലും പ്രയോഗിച്ച ഈ രീതിക്ക് വലിയ പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്.) കുടിശ്ശിക ഉൾപ്പെടെ നികുതി ഒടുക്കുവാൻ ബാക്കി ഉണ്ടായിരുന്നവർക്ക് സമയബന്ധിതമായി ആർ.ആർ നോട്ടീസ് അയക്കുകയും ജപ്തി / പ്രോസിക്യൂഷൻ നടപടികൾ നേരിടേണ്ടിവരുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തു. അവസാനം പഞ്ചായത്തുവക വാഹനസൗകര്യം പ്രയോജനപ്പെടുത്തി അസി.സെക്രട്ടറി, ഹെഡ് ക്ലാർക്ക്, മറ്റ് ക്ലാർക്കുമാർ എന്നിവരുടെ സഹായത്തോടെ ഫീൽഡുതല പിരിവുകൂടി നടത്തിയപ്പോൾ ,ചെമ്പേരി വാർഡ് നികുതി പിരിവിൽ 100 % ...!!!!

നികുതിപിരിവിനു പുറമെ തൊഴിൽരഹിത വേതനം, വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ മുതലായ സെക്ഷനുകളും രജീഷ് തൃപ്തികരമായി കൈകാര്യം ചെയ്യുന്നു.

സമൂഹ മാധ്യമങ്ങളിലൂടെ രജീഷിന് ഇപ്പോൾ അഭിനന്ദനങ്ങൾ പ്രവഹിക്കുകയാണ്. വാർത്ത ശ്രദ്ധയിൽപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി രജീഷിനെ ഫോണിൽ വിളിച്ച് അഭിനന്ദിച്ചു.

രജീഷിനെ കൂടാതെ ക്ലാർക്കുമാരായ ശശീന്ദ്രൻ, മഞ്ജു, പ്രവീൺ എന്നിവരുടെ ഉത്സാഹഭരിതമായ പ്രവർത്തനങ്ങളും സെക്രട്ടറി, അസി.സെക്രട്ടറി, ഹെഡ് ക്ലാർക്ക് എന്നിവരുടെ കൃത്യമായ ഏകോപനവും ഇടപെടലുകളും ഭരണസമിതി അംഗങ്ങളുടെ നിസ്സീമമായ സഹകരണങ്ങളും ഒത്തുചേർത്തപ്പോൾ, 2017-18 സാമ്പത്തിക വർഷത്തിൽ ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന് നികുതി പിരിവിൽ നൂറുമേനിയുടെ പൊൻതിളക്കം...

(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)